155

# ജനനീതി

മാർച്ച് 2010

3.00 ക.



ഛത്തിസ് ഗഡിലെ ആദിവാസികളുടെ ഉദ്ധാരണത്തിന്നായി അവർക്കിടയിൽ 17 കൊല്ലമായി പ്രവർത്തിച്ചുവരുന്ന ഹിമാംശുകുമാർ – ഇദ്ദേഹത്തിന്റെ ആശ്രമം നക്ഷൽ താവളമാണെന്നു പറഞ്ഞ് ഗവർമ്മേണ്ട് ഈയിടെ ഇടിച്ചുനിരത്തി.

# ഇതാരെങ്കിലും പാലിക്കുന്നുണ്ടോ?

**ഒ**രാളെ അറസ്റ്റ് ചെയ്യുകയോ കസ്റ്റഡിയിലെടുക്കുകയോ ചെയ്യുമ്പോൾ പോലീസ് അനുവർത്തിക്കേണ്ട നടപടിക്രമം 1997 ലെ ഒരു വിധിയിൽ സുപ്രീം കോടതി വിശദീകരിക്കുകയുണ്ടായി.

- ♦ അറസ്റ്റ് ചെയ്യുകയോ ചോദ്യം ചെയ്യുകയോ ചെയ്യുന്ന പോലീസുദ്യോഗസ്ഥൻ തന്റെ പേരും പദവിയും വ്യക്തമായി കാണിക്കുന്ന മുദ്ര ധരിച്ചിരിക്കേണ്ടതാണ്.
- ♦ ചോദ്യം ചെയ്യുന്ന പോലീസുകാരന്റെ പേർ വിവരങ്ങൾ ഒരു റിക്കാർട്ടിൽ എഴുതിവയ്ക്കണം.
- ♦ അറസ്റ്റ് ചെയ്യുമ്പോൾ അതു സംബന്ധിച്ച ഒരു മെമ്മോ തയ്യാറാക്കണം. അറസ്റ്റിന്റെ ദിവസം സമയം എന്നിവ അതിലുണ്ടാകണം. കുടുംബാംഗമോ നാട്ടിലെ ഒരു മാന്യനോ അതിൽ സാക്ഷിയായി ഒപ്പിടണം; അറസ്റ്റ് ചെയ്യപ്പെട്ട ആൾ അതിൽ ഒപ്പിടണം.
- ♦ അറസ്റ്റ് ചെയ്യപ്പെട്ട ആളുടെ ബന്ധുവിനേയോ സുഹൃത്തിനേയോ ഗുണകാംക്ഷിയേയോ വിവരം അറിയിക്കാൻ അറസ്റ്റ് ചെയ്യപ്പെട്ട ആൾക്ക് അവകാശമുണ്ട്. സ്നേഹിതനോ ബന്ധുവോ ദൂരദിക്കിലാണെങ്കിൽ വിവരം 12 മണിക്കൂറിന്നകം ലീഗൽ എയ്ഡ് അഥോറിട്ടി മുഖേന അറിയിക്കണം.
- ♦ അറസ്റ്റിന്റെ വിവരം, ആരെ അറിയിച്ചുവെന്ന വിവരം, അറസ്റ്റു ചെയ്യപ്പെട്ടവൻ ആരുടെ കസ്റ്റഡിയിലാണെന്ന വിവരം എന്നിവ ഡയറിയിൽ ചേർക്കണം.
- ♦ ഈ മാർഗ്ഗനിർദ്ദേശങ്ങൾ ഓരോ പോലീസ് സ്റ്റേഷനിലും പ്രമുഖസ്ഥാനത്ത് പ്രദർശിപ്പിക്കേണ്ടതാണ്.
- ♦ ഈ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുന്നത് കോർട്ടലക്ഷ്യമായിരിക്കും. ഈ കോർട്ടലക്ഷ്യ ഹർജി ഏതു ഹൈക്കോടതിയിലും സമർപ്പിക്കാം. ❑



ജനനീതി

മാർച്ച് 2010
**155**

പത്രാധിപർ:
**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:
**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**
Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# അഫ്ഘാനിസ്ഥാനും മാവോയിസ്റ്റുകളും അല്പം ചരിത്രവും

**പ**ത്തൊമ്പതാം നൂറ്റാണ്ടിൽ ഇന്ത്യയിൽ ഒരു വിധത്തിൽ കാലുറപ്പിച്ചുകഴിഞ്ഞ ബ്രിട്ടന് ഏറ്റവും വലിയ പേടി റഷ്യയെയായിരുന്നു. റഷ്യൻ ചക്രവർത്തി തെക്കോട്ടൊന്നു നീങ്ങിയാൽ ബ്രിട്ടീഷുകാർ ഇന്ത്യാ മഹാസമുദ്രത്തിലെത്തും. അതു തടയാൻ ഏറ്റവും ഫലപ്രദമായ മാർഗ്ഗം അഫ്ഘാനിസ്ഥാനെ കീഴടക്കുകുയായിരുന്നു. ഇന്ത്യയുടെ നേരെയുണ്ടായിട്ടുള്ള മിക്ക ആക്രമണങ്ങളും അഫ്ഘാനിസ്ഥാൻ വഴിക്കാണുണ്ടായിട്ടുള്ളതെന്ന് ചരിത്രബോധമുള്ള ബ്രിട്ടീഷുകാർക്കറിയാമായിരുന്നു. അതിനാൽ അഫ്ഘാനിസ്ഥാനെ വരുതിയിൽ കൊണ്ടുവരുന്നതിന്ന് ബ്രിട്ടീഷുകാർ പലതവണ ശ്രമിച്ചു. ബ്രിട്ടീഷുകാരുടെ പതിനെട്ടടവുകളും അഫ്ഘാനിസ്ഥാനിൽ പരാജയപ്പെടുകയാണുണ്ടായത്. ബ്രിട്ടീഷുകാർ ഒടുവിൽ ഇന്ത്യക്കും അഫ്ഘാനിസ്ഥാനുമിടയിൽ ഡ്യൂറന്റ് ലൈൻ എന്നൊരു അതിർത്തി നിശ്ചയിച്ച് പ്രശ്നം അവസാനിപ്പിച്ചു. സർ മോർട്ടിമർ ഡ്യൂറന്റിന്റെ നേതൃത്വത്തിലുള്ള അതിർത്തികമ്മീഷൻ നിശ്ചയിച്ച അതിർത്തി എവിടെയാണെന്ന് അന്നും ഇന്നും വ്യക്തമല്ല. സർ ഡ്യൂറന്റ് നിശ്ചയിച്ചു എന്നു പറയുന്ന അതിർത്തിയുടെ കിഴക്കു ഭാഗത്തും പടിഞ്ഞാറു ഭാഗത്തും ആർക്കും ഒരിക്കലും വഴങ്ങാത്ത ഗോത്രവർഗ്ഗക്കാരാണുള്ളത്. പാക്കിസ്താനെ ഇന്ന് വെള്ളം കുടിപ്പിച്ചു കൊണ്ടിരിക്കുന്നത് ഇതേ ഗോത്രവർഗ്ഗക്കാർ തന്നെയാണ്; അമേരിക്കയുടെ

പോർ വിമാനങ്ങൾ മിസൈൽ ഉപയോഗിച്ച് ആക്രമിച്ചുകൊണ്ടിരിക്കുന്നതും ഇവരെത്തന്നെയാണ്. പണ്ട് ബ്രിട്ടീഷുകാർ തോറ്റു പിന്മാറിയതു പോലെ ഇന്ന് അമേരിക്കക്കാരും അഫ്ഘാനിസ്ഥാനിൽ നിന്ന് തോറ്റു പിന്മാറിക്കൊണ്ടിരിക്കുകയാണ് അഫ്ഘാനിസ്ഥാനെതിരെ ആക്രമണം അഴിച്ചുവിട്ട പ്രസിഡണ്ട് ബുഷിന്ന് ചരിത്രജ്ഞാനമില്ലായിരുന്നു. ആർക്കും ഒരിക്കലും കീഴടക്കാൻ സാധിച്ചിട്ടില്ലാത്ത ഒരു ജനതയാണ് അഫ്ഘാനിസ്ഥാനിലേത്. ഏറ്റവുമൊടുവിൽ അഫ്ഘാനിസ്ഥാനെ വരുതിയിൽ കൊണ്ടുവരാൻ ശ്രമിച്ചതു സോവിയറ്റ് യൂണിയനായിരുന്നു. ഹിമാലയൻ മണ്ടത്തരമാണ് തങ്ങൾ കാണിക്കുന്നതെന്ന് സോവിയറ്റ് യൂണിയന്ന് ബോധ്യം വരാൻ പത്തുകൊല്ലം വേണ്ടിവന്നു. ദൈവം കാൽകുത്താൻ പേടിക്കുന്നിടത്ത് ചെകുത്താൻ പാഞ്ഞുകയറുമെന്നു പറയാറുള്ളതുപോലെ സോവിയറ്റ് യൂണിയൻ തോറ്റു പിന്മാറിയേടത്ത് അമേരിക്ക പാഞ്ഞു കയറി. ഇപ്പോഴിതാ അവർ പിൻതിരിഞ്ഞോടാൻ വഴിയൊന്നും കാണാതെ ഗതികേടിൽ പെട്ടിരിക്കുന്നു.

ഇതൊക്കെ റഷ്യ, അമേരിക്ക, ബ്രിട്ടൻ തുടങ്ങിയ വൻ ശക്തിതളുടെ കാര്യം. ഒരു വൻശക്തിയാകാൻ വെമ്പിക്കൊണ്ടിരിക്കുന്ന ഇന്ത്യയുടെ കാര്യം ഇതിനേക്കാളും ദയനീയമാണ്. ബ്രിട്ടീഷുകാർക്ക് പത്തൊമ്പതാം നൂറ്റാണ്ടിൽ അഫ്ഘാനിസ്ഥാനിലുണ്ടായ അതേ അനുഭവം തന്നെ അവർക്ക് ഇന്ത്യയിലുമുണ്ടായി. അഫ്ഘാനിസ്ഥാനിലെ ഗോത്രവർഗ്ഗക്കാരെ മെരുക്കാൻ ശ്രമിച്ച് പരാജയപ്പെട്ട അതേ അനുഭവംതന്നെയാണ് അവർക്ക് ഇന്ത്യയിലുമുണ്ടായത്. 1831നു ശേഷമുള്ള ഒരു നൂറ്റാണ്ടിന്നിടയിൽ ബ്രിട്ടീഷുകാർക്ക് ഒരു ഡസനിലേറെ ഗോത്രവർഗ്ഗ കലാപങ്ങളെ നേരിടേണ്ടിവന്നിട്ടുണ്ട്. കോൾ കലാപം(1831) ഛോട്ട നാഗപൂർ കാലാപം(1833) ഖോങ്ങ് കലാപം(1846) സന്താൾ കലാപം(1854) ധൻബാദ് കലാപം(1867) എന്നിവ വിഖ്യാത കലാപങ്ങളാണ്. കലാപമുണ്ടാക്കുന്ന ഗോത്രവർഗ്ഗ മേഖലകളെ ബ്രിട്ടീഷ് ഭരണത്തിൽനിന്ന് വിമുക്തമാക്കി, മാരണം ഒഴിവാക്കുകയായിരുന്നു ബ്രിട്ടീഷുകാർ അനുവർത്തിച്ചിരുന്ന ടെക്നിക്ക്. 1874ൽ ഒരു പട്ടികജില്ലാ നിയമംതന്നെ അവർ പാസാക്കി. കേന്ദ്ര ഗവർമ്മേണ്ടോ സംസ്ഥാന ഗവർമ്മേണ്ടുകളോ പാസാക്കുന്ന നിയമങ്ങളൊന്നും പട്ടികജില്ലകൾക്ക് ബാധകമല്ലായിരുന്നു. (ഇപ്പോൾ നിലവിലുള്ള സ്വതന്ത്ര ഭാരത ഭരണഘടനയിലും ഇത്തരം നിയമങ്ങൾ നിലവിലുണ്ടെങ്കിലും കേന്ദ്രഗവർമ്മേണ്ടോ സംസ്ഥാന ഗവർമ്മേണ്ടുകളോ അതൊന്നും മാനിക്കാറില്ല). മറ്റൊരു തരത്തിൽ പറഞ്ഞാൽ ഗോത്രവർഗ്ഗക്കാരെ ഒരു സ്വതന്ത്ര ജനതയായി വിടുകയാണ് ബ്രിട്ടീഷുകാർ ചെയ്തിരുന്നത്.

ഇതൊന്നും മാനിക്കാൻ കേന്ദ്രഗവർമ്മേണ്ടോ സംസ്ഥാന ഗവർമ്മേണ്ടുകളോ ഇന്നു തയ്യാറല്ല. കാട് സർക്കാർ വകയാണെന്ന് ബ്രിട്ടീഷുകാർ ഉണ്ടാക്കിവച്ചിട്ടുള്ള ഒരു നിയമത്തിന്റെ പിൻബലത്തിന്മേലാണ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഇന്നു ഗോത്രവർഗ്ഗക്കാരെ കടന്നാക്രമിക്കുന്നത്. ഗോത്രവർഗ്ഗക്കാരിൽ 99 ശതമാനവും കാടുകളിൽ ജീവിക്കുന്നവരാണ്. ഈ കാടുകളാകട്ടെ സമ്പദ്സമൃദ്ധവുമാണ്. മരങ്ങൾ, കൽക്കരി, ഇരുമ്പയിര് തുടങ്ങിയ എണ്ണമറ്റ വിഭവങ്ങൾ ഈ കാടുകളിലുണ്ട്. കേന്ദ്ര-സംസ്ഥാന ഗവർമ്മേണ്ടുകളും ഇന്ത്യയിലേയും വിദേശത്തേയും മുതലാളിമാരും കൂടി ഈ വനവിഭവങ്ങളിൽ കടന്നാക്രമണം നടത്തിക്കൊണ്ടിരിക്കുകയാണ്. അത് ഫലവത്താകണമെങ്കിൽ ഗോത്രവർഗ്ഗക്കാരെ കാടുകളിൽ നിന്ന് ഓടിക്കണം. ഇതിനെ ചെറുക്കുന്നവരെയെല്ലാം ഗവർമ്മേണ്ട് നക്ഷലുകളായി മുദ്രയടിക്കുന്നു. ഒരാൾ "നക്ഷല"ാണെങ്കിൽ, അയാളെ കൊല്ലാൻ ആരുടേയും അനുവാദം വേണ്ട എന്നതാണ് ഇന്ത്യയിലുള്ള എണ്ണമറ്റ ജനുസ്സുകളിൽപെട്ട നിയമപാലകരുടെ മനോഭാവം.

ഇപ്പോൾ കേന്ദ്രഗവർമ്മേണ്ടും സംസ്ഥാന ഗവർമ്മേണ്ടുകളും കൂടി ഒരു സംയുക്ത ആക്രമണമാണ് ആദിവാസികൾക്കെതിരെ ആരംഭിച്ചിരിക്കുന്നത്. ഇതിലൊന്നും തങ്ങൾക്ക് ഒരു ഉത്തരവാദിത്വവുമില്ലെന്ന് കേന്ദ്ര ആഭ്യന്തരകാര്യമന്ത്രി ചിദംബരം പറയുന്നു. സംസ്ഥാനങ്ങൾ സഹായമാവശ്യപ്പെടുമ്പോൾ സായുധസേനകളെ അയച്ചുകൊടുക്കുക മാത്രമാണ് പാവം ചിദംബരം ചെയ്യുന്നത്. ചുരുക്കത്തിൽ സംസ്ഥാനങ്ങളിലെത്തുന്ന കേന്ദ്രസേന വെറും ചോറ്റുപട്ടാളം മാത്രമാണ്!

ബ്രിട്ടീഷുകാർ പോലും തോറ്റ് പിന്മാറിയേടത്ത് ഒരു മൻമോഹൻ സിങ്ങോ ഒരു ചിദംബരമോ വിജയിക്കാൻ പോകുന്നില്ലെന്നു പറയാൻ അല്പം ചരിത്രജ്ഞാനം മാത്രമേ ആവശ്യമുള്ളൂ. സായുധ സേനകൾക്ക് കുറെ നല്ല മനുഷ്യരെ കൊല്ലാനും തടവിലിട്ട് ഭേദ്യം ചെയ്യാനും സാധിക്കുമെന്നതിൽ സംശയമില്ല. പക്ഷെ അതിന്റെ അനന്തരഫലത്തെപ്പറ്റി ചിന്തിക്കേണ്ട ആവശ്യം മൻമോഹൻ സിങ്ങുമാർക്കും ചിദംബരന്മാർക്കുമില്ല. ഒരു പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ പോലും മത്സരിക്കാത്തവർക്ക് നാളെയെപ്പറ്റി ചിന്തിക്കേണ്ട കാര്യമില്ല. എന്നാൽ ഇന്ത്യമഹാരാജ്യത്തിലെ ജനങ്ങൾക്ക് ഇതങ്ങനെ വിടാനാവില്ല. നല്ലവർ ലികിഡേറ്റ് ചെയ്യപ്പെടുമ്പോൾ, ഒഴിവു വരുന്ന സ്ഥാനം കയ്യേൽക്കുന്നതാരായിരിക്കും? സ്വന്തമായി ഒരു കാർപോലും ഇല്ലാതിരുന്ന ഒരു പ്രധാനമന്ത്രി ഇവിടെ ഉണ്ടായിരുന്നുവെന്നു പറഞ്ഞാൽ ഇന്നത്തെ തലമുറക്കാർ വിശ്വസിക്കുമോ? സോഷ്യലിസ്റ്റ് നേതാവായ എസ്.എം. ജോഷി ഒരു ഒറ്റമുറി കെട്ടിടത്തിലാണ് ജീവിച്ചിരുന്നതെന്നു പറഞ്ഞാൽ, സോഷ്യലിസം പറയുന്ന കോടീശ്വരന്മാരെ കണ്ടുപരിചയപ്പെട്ട ഇന്നത്തെ തലമുറക്ക് അതൊരത്ഭുതമായിരിക്കില്ലേ? ഏറ്റുമുട്ടൽ ടെക്നിക് മനോഹരമായി വികസിപ്പിച്ചെടുത്ത പോലീസുകാർക്കും അവരുടെ യജമാനന്മാർക്കും ഇതിൽ സന്തോഷിക്കാൻ വകയുണ്ടാകും. എന്നാൽ ഒരു ജനാധിപത്യ സംവിധാനം ഇവിടെ പുലർന്നു കാണണമെന്നാഗ്രഹിക്കുന്നവർക്ക് ഇതൊന്നും സന്തോഷകരമാകാനിടയില്ല. ചില ആദർശങ്ങളാൽ പ്രചോദിതരായി പ്രവർത്തിക്കുന്നവരെ അമർത്താർ വെടിയുണ്ടകൾക്കും കഴുമരങ്ങൾക്കും കഴിയുകയില്ല എന്നതാണ് ചരിത്രം പഠിപ്പിക്കുന്ന പാഠം. ❏

കവർസ്റ്റോറി

# മറ്റൊരു ഗാന്ധിയൻ കൂടി സർക്കാരിന്ന് ചതുർത്ഥിയാകുന്നു

- തുഷ മിത്തൽ -

**ഹി**മാംശുകുമാർ തന്റെ താടിയും മീശയുമെല്ലാം വടിച്ചു കളയുകയാണ്. പെട്ടെന്നു കണ്ടാൽ തിരിച്ചറിയാൻ കഴിയരുത് എന്നതാണ് ഉദ്ദേശം. സ്വതവേ ധരിക്കാറുള്ള വെള്ള കുർത്ത ഇപ്പോൾ അദ്ദേഹം ധരിക്കാറില്ല; പകരം ചുവന്നൊരു ഷർട്ടും ജീൻസുമാണ് ധരിക്കുന്നത്. രണ്ടു മുറികളുള്ള ഒരു വാടകവീട്ടിലാണ് താമസമെങ്കിലും ലൈറ്റെല്ലാം ഓഫ് ചെയ്തിരിക്കും. ഛത്തീസ്ഗഡിലെ ദന്തെവാദെയിലെ ശീതകാല രാത്രിയിൽ അദ്ദേഹം പിൻഭാഗത്തെ മതിൽ ചാടിക്കടന്ന് ഇരുട്ടിൽ മറയുന്നതിനെപ്പറ്റി അദ്ദേഹം സ്വരം താഴ്ത്തി പറഞ്ഞുവെന്നുവരും. ഇയാൾ ഒരു ഒളിപ്പോരാളിയാണെന്നൊന്നും അതു കേട്ട് നിങ്ങൾ ധരിക്കണ്ട. ആൾ ശുദ്ധ ഗാന്ധിയനാണ്.

ഛത്തീസ് ഗഡിലെ ദന്തേവാദെ ജില്ല ഒരു വനമേഖലയാണ്. കഴിഞ്ഞ പതിനെട്ടു കൊല്ലമായി ഹിമാംശു ഈ കാട്ടുമുക്കിൽ പ്രവർത്തിക്കുകയാണ്. ഇവിടെ ജനങ്ങളെല്ലാം ഗോത്രവർഗ്ഗക്കാരാണ്. ഹിമാംശു ഓരോ ഗോത്രവർഗ്ഗ ഗ്രാമത്തിലും ചെന്ന് ജനങ്ങളെ പഠിപ്പിക്കുന്നു. എങ്ങനെയാണ് വോട്ടു ചെയ്യേണ്ടത്; ഭക്ഷണം സമ്പാദിക്കാനെന്താണ് മാർഗ്ഗം; എങ്ങനെ ചികിത്സനേടാം എന്നൊക്കെ ആദിവാസികളെ പഠിപ്പിക്കുന്നു. ഇതിനായി അദ്ദേഹം ഒരു വനവാസി ചേതനാ ആശ്രമവും സ്ഥാപിച്ചിട്ടുണ്ട്. കുറച്ചുകാലം മുമ്പ് ഹിമാംശുവിന്റെ ഭാര്യയും അദ്ദേഹത്തോടൊപ്പമെത്തി. ആദ്യംതന്നെ, കയ്യിലുള്ള പൊങ്ങച്ച സഞ്ചിയിലെ സൗന്ദര്യസംവർധക സാമഗ്രികളൊക്കെ കളഞ്ഞ് അതിൽ പ്രഥമചികിത്സക്കുള്ള സാമഗ്രികൾ നിറയ്ക്കാനാണ് അദ്ദേഹം ഉപദേശിച്ചത്.

ദന്തേവാദെ ജില്ലയാകെ ഒരു നക്ഷൽ മേഖലയാണ്. പോലീസും നക്ഷലുകളും തമ്മിൽ നിരന്തരം സംഘട്ടനങ്ങൾ നടക്കാറുണ്ട്. പല ഭീഷണികളേയും നേരിടേണ്ടി വന്നിട്ടുണ്ടെങ്കിലും ഹിമാംശുവിന്ന് ഭീതി തോന്നിയിട്ടില്ല. എന്നാൽ ഈയിടെ സർക്കാർ ആഞ്ഞടിച്ചതോടെ ഓടുകയേ നിവൃത്തിയുള്ളു എന്നുവന്നു.

2005ൽ സൽവജൂഡും എന്ന അർദ്ധഔദ്യോഗിക സേന പ്രവർത്തനമാരംഭിച്ചതോടെയാണ് കുഴപ്പങ്ങൾ ആരംഭിച്ചത്. ഇവർ നടത്തുന്ന മനുഷ്യാവകാശ ധ്വംസനങ്ങളെക്കുറിച്ച് വനവാസി ചേതനാ ആശ്രമം ഒരു അറുനൂറ് പരാതിയെങ്കിലും ഇതിന്നകം സമർപ്പിച്ചിട്ടുണ്ട്. അതോടെ ഗവർമ്മേണ്ടിന്ന് ഹിമാംശുകുമാർ ചതുർത്ഥിയായിത്തീർന്നു. കഴിഞ്ഞ മേയ് മാസത്തിൽ പോലീസ് വന്ന് ആശ്രമമാകെ ഇടിച്ചുനിരത്തി. മാത്രമല്ല, പോലീസ് നിരീക്ഷണവുമാരംഭിച്ചു.

അറസ്റ്റുചെയ്യപ്പെട്ട് രക്തസാക്ഷിയാകണോ അതോ പോലീസിന്നു പിടിക്കാൻ കഴിയുന്നതിന്നുമുമ്പ് നാടുവിട്ടോടണോ എന്നതാണ് ഇപ്പോൾ തന്റെ മുന്നിലുള്ള പ്രശ്നമെന്ന് ഹിമാംശു പറയുന്നു. ഡോ. വിനായക്സെന്നിന്ന് അനുഭവിക്കേണ്ടിവന്ന ദുരിതങ്ങളെപ്പറ്റി ഹിമാംശുവിന്നറിയാം. സർക്കാരിന്റെ അടുത്ത ഇര താനാകുമെന്നും അദ്ദേഹത്തിന്നറിയാം. ഇന്നാട്ടിൽ കള്ളക്കേസുണ്ടാക്കി ആരേയും അറസ്റ്റ് ചെയ്യാവുന്നതേയുള്ളൂ.



ഇത് വെറും ഇമ്പാച്ചിയല്ല. ആശ്രമം ഇടിച്ചുനിരത്തിയതിനെത്തുടർന്ന് ഒരു വാടകവീട്ടിലാണ് ആശ്രമം പ്രവർത്തിക്കുന്നത്. സദാസമയവും പോലീസിന്റെ നിരീക്ഷണമുണ്ട്. കഴിഞ്ഞ ജനുവരി മൂന്നാംതിയ്യതി. ഹിമാംശുവിന്റെ കാർ പോലീസ് തടഞ്ഞു. കാലിന്നുവെടിയേറ്റ സോദി എന്ന ആദിവാസി സ്ത്രീയെ റായിപൂരിലേക്ക് കൊണ്ടുപോകുകയായിരുന്നു അദ്ദേഹം. ഒരു ഓപ്പറേഷന്നുവേണ്ടി സോദിക്ക് ദൽഹിക്കു പോകേണ്ടതുണ്ടായിരുന്നു. പോലീസ് അതു തടഞ്ഞു. (ഛത്തീസ് ഗഡിലെ മറിമായങ്ങൾ എന്ന ലേഖനം നോക്കുക)

കുഴപ്പങ്ങളുടെ തുടക്കം ഒക്ടോബർ ഒന്നിന്നായിരുന്നു. സോദിയുടെ ഭർത്താവ് ശംഭു പാടത്ത് ഉഴവുനടത്തുന്നതിന്നിടയിൽ സാൽവജൂഡുമിൽപെട്ട പോലീസുകാർ നക്ഷൽ വേട്ടക്കായി ഗോംപാദ് ഗ്രാമത്തിലെത്തി. കണ്ണിൽ കണ്ടവരെയെല്ലാം അവർ വെടിവച്ചു കൊന്നു, ഒമ്പതു നക്ഷലുകൾ സംഭവത്തിൽ കൊല്ലപ്പെട്ടതായി ദന്തേവാദെ പോലീസ് സൂപ്രണ്ട് അടുത്ത ദിവസം പ്രഖ്യാപിക്കുകയും ചെയ്തു. യഥാർത്ഥത്തിൽ പാവങ്ങളായ ആദിവാസികളാണ് കൊല്ലപ്പെട്ടത്. യങ്കയ്യ(50), ബജാർ(50), ഇയാളുടെ ഭാര്യ സുഭി(45) ഇവരുടെ പുത്രിമാരായ കനമ(20), മുട്ടി(8) നവവധുക്കളായ സുബ്ബയ്യ(20) സുഭി(18) എന്നിവരും വേറെ മൂന്നുപേരുമാണ് കൊല്ലപ്പെട്ടത്.

പോലീസിന്റെ ഈ ഏറ്റുമുട്ടൽ കഥ പുറംലോകം വിശ്വസിക്കുമായിരുന്നു. എന്നാൽ ഹിമാംശു തന്റെ ഗ്രാമസന്ദർശന പരിപാടിക്കിടയിൽ ഗോംപാദ് ഗ്രാമത്തിൽ സന്ദർശനം നടത്തിയപ്പോഴാണ് യഥാർത്ഥ വിവരങ്ങൾ പുറത്തുവന്നത്. തന്റെ കൺമുന്നിൽ വച്ച് ഒമ്പതുപേരെ വെടിവച്ചു കൊന്ന വിവരം സോദി പറഞ്ഞു. ഹിമാംശു നിർദ്ദേശിച്ചതനുസരിച്ച് സോദി സുപ്രീംകോടതിയിൽ ഒരു ഹർജിയും സമർപ്പിച്ചു.

സോദി ദൽഹിയിൽ എത്തിയിരുന്നുവെങ്കിൽ അത് ഛത്തീസ്ഗഡ് ഗവർമ്മേണ്ടിന്ന് വല്ലാത്ത അങ്കലാപ്പുണ്ടാക്കുമായിരുന്നു. അതൊഴിവാക്കാനാകണം ഛത്തീസ്ഗഡ് പോലീസ് ഹിമാംശുവിന്റെ കാർ തടഞ്ഞ് സോദിയെ പിടികൂടിയത്. സോദിയിൽനിന്ന് ഒരു സ്റ്റേറ്റ്മെന്റ് എഴുതി വാങ്ങേണ്ടതുണ്ടായിരുന്നുവെന്നാണ് പോലീസ് പറയുന്നത്. ഇത് ശുദ്ധ നുണയാണ്. ഒക്ടോബർ ഒന്നാം തിയ്യതിയിലെ കൂട്ടക്കൊലക്കുശേഷം സോദി ഹിമാംശുവിന്റെ ആശ്രമത്തിലായിരുന്നു താമസം. പോലീസിന്നു വേണമെങ്കിൽ അപ്പോൾ സ്റ്റേറ്റ്മെന്റ് വാങ്ങാമായിരുന്നു.

സോദി എവിടെയാണെന്ന് തങ്ങൾക്കൊരു പിടിയുമില്ലായിരുന്നുവെന്നാണ് പോലീസ് ഇതിനെപ്പറ്റി പറയുന്നത്. ഇത് നുണയാണെന്നു മാത്രമല്ല, ഇതിന്റെ പിന്നിൽ തന്ത്രവുമുണ്ടാകണം. സോദിയുടെ ആദ്യത്തെ ഓപ്പറേഷന്നു വേണ്ടി ദൽഹിയിൽ കൊണ്ടുപോയ അവസരത്തിൽ സോദിയെ വലിയൊരു പത്രസമ്മേളനത്തിൽ ഹാജരാക്കിയിരുന്നതാണ്. അതിന്നുശേഷം അവർ ഹിമാംശുവിന്റെ ആശ്രമത്തിലും ഉണ്ടായിരുന്നു.

സോദിയെ ഹിമാംശുതട്ടിക്കൊണ്ടുപോയി എന്ന ഒരു കള്ളക്കേസുണ്ടാക്കാനാണ് പോലീസ് ഈ നുണയൊക്കെ പറയുന്നതെന്ന് വ്യക്തം. ജനുവരി നാലാം തിയ്യതി സോദിയെ പോലീസ് സംരക്ഷണത്തോടെ ജഗദൽപൂരിലെ മഹാറാണി ആസ്പത്രിയിൽ ഹാജരാക്കിയതായി രേഖയുണ്ട്. അവിടെ ഓപ്പറേഷന് സൗകര്യമില്ലെന്ന് അവിടത്തെ ഡോ. സുധീർ ഠാക്കൂർ പറഞ്ഞു. എന്നാൽ സോദിയെ കാണാൻ ആർക്കും അനുമതി നൽകിയില്ല. ഹോസ്പിറ്റൽ ഡയറക്ടർ അനുമതി നൽകിയിട്ടും പോലീസ് പത്രക്കാരെ തടയുകയാണുണ്ടായത്.

ഇപ്പോൾ സോദി എവിടെ? ആർക്കു മറിയില്ല ഹിമാംശു സോദിയെ തട്ടിക്കൊണ്ടു പോയെന്ന കള്ളക്കേസുണ്ടാക്കാനാണ് പോലീസിന്റെ ശ്രമമെന്ന് ഹിമാംശു കുമാർ സംശയിക്കുന്നു. അതുകൊണ്ടാണദ്ദേഹം താടിയും മീശയുമെല്ലാം കളഞ്ഞ് വേഷം മാറിയിരിക്കുന്നത്. ഈ കെണിയിൽനിന്ന് രക്ഷപ്പെടാൻ വേറെ മാർഗ്ഗമില്ലെന്ന് അദ്ദേഹം പറയുന്നു. താൻ ഓടിപ്പോകുകയല്ലെന്നും, പോരാട്ടത്തിന്ന് പുതിയൊരു ആസ്ഥാനം സ്വീകരിക്കുക മാത്രമാണ് ചെയ്യുന്നതെന്നും ഹിമാംശു കുമാർ പറയുന്നു.

ഹിമാംശുവിന്റെ ഭയം അസ്ഥാനത്തല്ല. ഹിമാംശുവിന്റെ വലംകയ്യായി പ്രവർത്തിച്ചിരുന്ന കോപ്പ കുഞ്ഞാമിനെ ഡിസംബർ 10ന്ന് അറസ്റ്റ് ചെയ്തിരുന്നു. ജൂലായ് രണ്ടാം തിയ്യതി ഒരു പഞ്ചായത്ത് മെമ്പറെ മാവോയിസ്റ്റുകൾ തട്ടിക്കൊണ്ടുപോയി കൊന്നിരുന്നു. ആ കൊലപാതകം നടത്തിയത് കോപ്പയാണെന്നാണ് പോലീസ് ഇപ്പോൾ പറയുന്നത്. ഡിസംബർ ഒമ്പതാം തിയ്യതി രാത്രി കോപ്പയെ പോലീസ് സ്റ്റേഷനിലേക്ക് വിളിച്ചുവരുത്തിയിരുന്നു. ഹിമാംശുവുമായുള്ള ഇടപാടെല്ലാം അവസാനിപ്പിക്കാമെങ്കിൽ 25,000 ക. നൽകാമെന്ന് പോലീസ് പറഞ്ഞു. കോപ്പ ആ പ്രലോഭനത്തിന്നു വഴങ്ങിയില്ല. തന്മൂലമാണ് അദ്ദേഹത്തെ കൊലക്കേസിൽ പ്രതിയാക്കി അറസ്റ്റ് ചെയ്തത്.

വനവാസി ചേതന ആശ്രമത്തിലെ മറ്റൊരു സജീവ പ്രവർത്തകനായ സുഖദേവിനും ഇത്തരമൊരു ഭീഷണിയെ നേരിടേണ്ടിവന്നു. ഗത്യന്തരമില്ലാതെ അദ്ദേഹം ആശ്രമം വിട്ടു. ഇതുപോലെത്തന്നെ ലിംഗു എന്ന ഒരു സഹപ്രവർത്തകനും ആശ്രമത്തിലെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കാൻ നിർബ്ബന്ധിതനായി.

ഛത്തീസ്ഗഢ് ഇന്ന് സംഘർഷനിർഭരമാണ്. ഭരണകൂടം സ്വന്തം ജനതയെ വേട്ടയാടുന്നു; പോലീസ് രാജ് ജനാധിപത്യത്തിന്നു മുന്നിൽ പല്ലിളിച്ചു കാണിക്കുന്നു; സർക്കാരിന്റെ പിടിയിലൊതുങ്ങിയ പത്രങ്ങൾ അഭിപ്രായ പ്രകടന സ്വാതന്ത്ര്യത്തെ ഒരു തമാശയാക്കുന്നു. ഈ വേട്ടകൾക്കിടയിൽ ഛത്തീസ്ഗഢിലെ ജനങ്ങൾക്ക് പുറം ലോകവുമായി ബന്ധപ്പെടാനുണ്ടായിരുന്ന അപൂർവ്വം കണ്ണികളിലൊന്നായിരുന്നു ഹിമാംശു കുമാർ. ദേശീയ പത്രങ്ങൾക്ക് ഛത്തീസ്ഗഢ് വെറുമൊരു കാട്ടുമുക്കാണ്. അവിടത്തെ കാര്യങ്ങളൊന്നും ശ്രദ്ധിക്കുന്നതുപോലുമില്ല. തദ്ദേശീയ തലത്തിൽ നട്ടെല്ലുള്ള ഒരു പത്രം പോലുമില്ല. പുറം ലോകത്തെ സത്യം അറിയിക്കാനുള്ള അപൂർവ്വം ചില മാർഗ്ഗങ്ങളിലൊന്നായിരുന്നു ഹീമാംശു കുമാർ. അത്യപൂർവ്വമായ ഈ കണ്ണികൾ അറുത്തു മാറ്റുന്നതോടെ ഛത്തീസ്ഗഢ് ഒരു പോലീസ് രാജ് ആയിത്തീരും. ദിവസേനയന്നോണം ഏറ്റുമുട്ടലുകളുടെ വാർത്തകൾ വരുന്നുണ്ട്. മരിക്കുന്നവരെയെല്ലാം നക്ഷലുകളായി മുദ്രയടിച്ചു തള്ളുന്നു. അത് ശരിയാണോ എന്ന് അന്വേഷിക്കാൻ പോലും ആരുമില്ല. ആരേയും അനുവദിക്കില്ല.

ഛത്തീസ്ഗഢിലെ പോലീസ് ഡയറക്ടർ ജനറലായ വിശ്വരഞ്ജൻ റായിപ്പൂരിൽ വിളിച്ചു കൂട്ടിയ ഒരു പത്രസമ്മേളനത്തിൽ പത്രക്കാരെ പരസ്യമായിത്തന്നെ ഭീഷണിപ്പെടുത്തി. നക്ഷലുകൾക്ക് അനുകൂലമായി എന്തെങ്കിലും എഴുതിയാൽ, അങ്ങനെ എഴുതിയവർക്കെതിരെ പോലീസ് നടപടിയുണ്ടാകുമെന്ന് അദ്ദേഹം തുറന്നു പറഞ്ഞു. ഡിസംബർ ഒടുവിൽ, ദന്തേവാദയിലെ ഡി.ഐ.ജി. കല്ലരി പത്രക്കാരെ വിളിച്ചുവരുത്തുകയും ഓരോരുത്തരേയും ഒറ്റക്ക് വിളിച്ച് ഭീഷണിപ്പെടുത്തുകയും ചെയ്തു. നക്ഷലുകൾക്കനുകൂലമായി ഒന്നും എഴുതരുതെന്നും പത്രക്കാരെയെല്ലാം പോലീസ് നിരീക്ഷിച്ചുവരുന്നുണ്ടെന്നുമാണ് അദ്ദേഹം എല്ലാവരോടും പറഞ്ഞത്. ഛത്തീസ്ഗഢ് വർക്കിങ് ജർണലിസ്റ്റ് യൂണിയന്റെ വൈസ് പ്രസിഡണ്ടായ എൻ.ആർ.കെ. പിള്ളയാണിക്കാര്യം തുറന്നു പറഞ്ഞത്." ഇവിടത്തെ അന്തരീക്ഷം പത്രപ്രവർത്തകർക്ക് ഒട്ടും അനുകൂലമല്ല. ഞങ്ങളെ തുണക്കാൻ ആരുമില്ല. പത്രം ഉടമകൾ പത്രപ്രവർത്തകരുടെ സഹായത്തിനെത്തില്ല. ഞങ്ങളുടെ കുടുംബാംഗങ്ങൾക്ക് എന്തു സംഭവിക്കുമെന്ന ഭീതിയിലാണ് ഞങ്ങൾ കഴിയുന്നത്" എന്ന് അദ്ദേഹം പറഞ്ഞു.

ഉൾനാടുകളിൽ നിന്നുള്ള വാർത്തകൾ പുറത്തുവിടാൻ ഗവർമ്മേണ്ട് അനുവദിക്കുന്നില്ല. പുറമെ നിന്നാരേയും അകത്തു കടക്കാനും സമ്മതിക്കുന്നില്ല. ഡിസംബർ 29ന്ന് ദൽഹിയൂനിവേഴ്സിറ്റിയിലെ സാമൂഹ്യ ശാസ്ത്ര പ്രൊഫസറായ നന്ദിനി സുന്ദറും രാജ്യമീമാംസാ പ്രൊഫസർ ഉജ്വൽ കുമാർ സിങ്ങും സ്ഥിതിഗതികൾ നേരിട്ടന്വേഷിക്കുന്നതിന്നായി ബസ്താറിലെത്തി. ദന്തേവാദ ജില്ലയിലേയും സുക്മ ജില്ലയിലേയും പട്ടണങ്ങൾ വളരെ ചെറുതാണ്. ഇവയിൽ ഹോട്ടലുകളും അപൂർവ്വമാണ്. എന്നാൽ ഇവർ ചെന്ന എല്ലാ ഹോട്ടലുകളിലും മുറികൾ മുഴുവനും ബുക്ക് ചെയ്യപ്പെട്ടിരിക്കുന്നതായി കണ്ട് അവർ അത്ഭുതപ്പെട്ടു. പ്രൊഫസർമാർക്ക് ആ രാത്രി ജീപ്പിൽതന്നെ കഴിച്ചുകൂട്ടേണ്ടി വന്നു. പിറ്റേ ദിവസം ഒരു ബോയ്സ് ഹോസ്റ്റലിൽ താമസ സൗകര്യം കിട്ടി. പക്ഷെ പിന്നാലെത്തന്നെ സായുധ പോലീസുകാരും എത്തി. ഏഴുപോലീസുകാർ രാത്രി മുഴുവനും പുറത്ത് റോന്ത് ചുറ്റിക്കൊണ്ടിരുന്നു. അടുത്ത ദിവസം പ്രൊഫസർമാർ പുറപ്പെട്ടപ്പോൾ രണ്ടു ജീപ്പ് നിറയെ സായുധ പോലീസുകാർ അവരെ അനുഗമിച്ചു. ഗ്രാമീണരുമായി നേരിട്ടു സംസാരിക്കാൻ പോലീസുകാരുടെ സാന്നിധ്യം മൂലം സാധിച്ചില്ല. ഒടുവിൽ അവർ നിരാശരായി ഛത്തീസ്ഗഢ് വിട്ടു.

തെഹൽക ലേഖകന്മാർക്കും ഇതേ അനുഭവമാണുണ്ടായത്. ദന്തേവാദയിലെ ആകെയുള്ള ഒരേഒരു ഹോട്ടലായ മധുബൻ ലോഡ്ജിൽ ജനുവരി 4ന്ന് കയറി ചെന്നപ്പോൾ റിസപ്ഷനിസ്റ്റ് മുറി തുറന്നു തന്നുവെങ്കിലും പെട്ടെന്ന് മാനേജരുടെ ഒരു ഫോൺ സന്ദേശത്തെ തുടർന്ന് മുറികൾ പൂട്ടി. പത്രക്കാർക്ക് സ്ഥലം കൊടുക്കരുതെന്ന് പോലീസ് കൽപ്പിച്ചിട്ടുണ്ടെന്ന് മാനേജർ പറഞ്ഞു.

ജനവരി ആറാം തിയ്യതി മേധ പട്കർ മാഗ്സേസെ അവാർഡ് ജേതാവായ സന്ദീപ് പാണ്ഡെ എന്നിവരടക്കമുള്ള കുറച്ചു പൊതു പ്രവർത്തകർ ദന്തേവാദ പോലീസ് സൂപ്രണ്ടിനെ കാണാൻ ചെന്നപ്പോൾ അവർക്ക് കല്ലേറാണ് കിട്ടിയത്. പോലീസുകാർ മിഴിച്ചുനിന്നു.

നക്ഷലുകളാകട്ടെ മൗനവ്രതത്തിലാണ്. അവർ മരങ്ങൾ മുറിച്ച് ഗതാഗതം മുടക്കുന്നു; തീവണ്ടികൾ തടയുന്നു. പോലീസുകാരേയും അവരുടെ ശിങ്കിടികളേയും റാഞ്ചി കൊണ്ടുപോയി കൊല്ലുന്നു. അർദ്ധ പോലീസ് സേനയായ സാൽവ ജൂഡും സ്ത്രീകളെ പിടികൂടി ബലാത്സംഗം നടത്തുന്നു; വീടുകൾക്ക് തീവയ്ക്കുന്നു; കിട്ടാവുന്നതെല്ലാം കൊള്ളയടിക്കുന്നു.

ഈ അരാജകത്വത്തിന്നിടയിൽ എന്തെങ്കിലും ചെയ്യാൻ കഴിവുള്ള ഹിമാംശു കുമാറാകട്ടെ വേഷം മാറി നാടുവിടുകയുംചെയ്യുന്നു. ❏

# ബന്ധുവിന്റെ മരണത്തിൽ കരയണമോ ചിരിക്കണമോ?

**- സഹർ സാബ -**

ശിഷ്ട ലോകത്തെ സംബന്ധിച്ചിടത്തോളം അഫ്ഘാൻ യുദ്ധത്തിൽ മരിക്കുന്നവർ ഊരും പേരും ഇല്ലാത്തവരാണ്. എന്നാൽ അഫ്ഘാൻകാരായ ഞങ്ങൾക്ക് അതങ്ങനെയല്ല. എന്റെ അഛന്റെ സഹോദരനടക്കം എനിക്ക് വേണ്ടപ്പെട്ടവരായ പലരുടേയും മരണത്തിൽ കരയേണ്ടി വന്നവളാണ് ഞാൻ.

മൂന്നാഴ്ച മുമ്പ് ഒരു ആത്മഹത്യാ ബോംബിങ് നടന്നു. പക്ഷെ ബോംബ് കൊണ്ടുപോയവനും കൂട്ടുകാരനും മാത്രമേ കൊല്ലപ്പെടുകയുണ്ടായുള്ളൂ. വടക്കൻ അഫ്ഘാനിസ്ഥാനിൽ നിലയുറപ്പിച്ചിട്ടുള്ള ജർമ്മൻ ഭടന്മാരെ ലക്ഷ്യമാക്കിയാണ് ബോംബ് കൊണ്ടുപോയിരുന്നത്. ആത്മഹത്യക്കൊരുങ്ങി ശരീരത്തിൽ ബോംബ് വച്ചുകെട്ടിയ ഒരാളെ മറ്റൊരാൾ മോട്ടോർ സൈക്കിളിൽ കൊണ്ടുപോകുകയായിരുന്നു. ഇടക്കൊരു ചെക്ക് പോസ്റ്റിൽ പോലീസ് മോട്ടോർ സൈക്കിൾ തടയാൻ നോക്കി. മോട്ടോർ സൈക്കിൾ ഓടിച്ചിരുന്നവൻ അതു കാര്യമാക്കാതെ ഓടിച്ചുപോയപ്പോൾ പോലീസ് വെടിവച്ചു. അതോടെ മോട്ടോർ സൈക്കിൾ കാരന്റെ ബാലൻസ് തെറ്റി; സൈക്കിൾ മറിഞ്ഞു. വീഴ്ചയുടെ ആഘാതത്തിൽ ബോംബ് പൊട്ടുകയും ആത്മഹത്യക്കാരനും കൂട്ടുകാരനും മരിക്കുകയും ചെയ്തു.

ആത്മഹത്യക്കാരനാണോ മോട്ടോർ സൈക്കിൾ ഓടിച്ചിരുന്നവനാണോ എന്നറിയില്ല, ഒരാൾ എന്റെ ബന്ധുവായ അബ്ദുൾ ലത്തീഫായിരുന്നു. വയസ്സ് 22. വധശ്രമം പാളിപോയതിനെപ്പറ്റി ടെലിവിഷനിൽ റിപ്പോർട്ടുണ്ടായിരുന്നു. ലത്തീഫ് എന്ന പേരുള്ളവർ ഏറെയുള്ളതിനാൽ ആരും ഈ വാർത്ത ശ്രദ്ധിച്ചില്ല. ലത്തീഫ് താലിബാൻ അനുഭാവിയാണെന്ന് ഞങ്ങൾക്കറിയാമായിരുന്നു. അവൻ ഇടക്ക് രണ്ടോ മൂന്നോ ദിവസം വീട് വിട്ടുപോകുന്നത് അസാധാരണമല്ലാത്തതിനാൽ ആരും അന്വേഷിച്ചില്ല. ഒരാഴ്ച കഴിഞ്ഞിട്ടും ലത്തീഫിനെ കാണാതെ വന്നപ്പോഴാണ് ലത്തീഫിന്റെ അഛൻ പോലീസിൽ അറിയിച്ചത്. പോലീസ് അദ്ദേഹത്തെ തടവിലാക്കി. ഒരു രാത്രി ലോക്കപ്പിൽ കഴിയേണ്ടിവന്നു. മകൻ ഇത്തരക്കാരനാണെന്ന് മുൻകൂട്ടി അറിയിക്കാതിരുന്നതിലായിരുന്നു. പോലീസിന് അരിശം. പോലീസിന്റെ കയ്യിൽ അകപ്പെട്ടാൽ ഒരാൾക്ക് സഹിക്കേണ്ടിവരുന്ന ദണ്ഡനമുറകളെപ്പറ്റി എല്ലാവർക്കും അറിവുണ്ടായിരുന്നതിനാലാണ് മാതാപിതാക്കൾ ഒന്നും മിണ്ടാതിരുന്നത്.

സോവിയറ്റ് യൂണിയൻ അഫ്ഘാനിസ്ഥാനെ കീഴക്കിയ കാലത്ത് ഞങ്ങളുടെ കുടുംബങ്ങളെല്ലാം പാക്കിസ്താനിൽ അഭയാർത്ഥികളായി കഴിഞ്ഞു. അക്കാലത്ത് 12 കൊല്ലം മദ്രസയിൽ നടന്ന പഠനകാലത്താണ് ശത്രുവിനെ കൊന്നാൽ സ്വർഗ്ഗം കിട്ടുമെന്ന ധാരണ ലത്തീഫിൽ രൂഢമൂലമായത്. പാക്കിസ്താനിലെ അഭയാർത്ഥി ക്യാമ്പുകൾ ഐക്യരാഷ്ട്ര സമിതിയുടെ മേൽനോട്ടത്തിലായിരുന്നുവെങ്കിലും യഥാർത്ഥ ഭരണാധികാരികൾ താലിബാൻ കാരായിരുന്നു. പെൺകുട്ടികൾ പഠിക്കാൻ പാടില്ല, പാട്ടു പാടുകയോ കേൾക്കുകയോ ചെയ്യരുത്. ടെലിവിഷൻ കണരുത് എന്നൊക്കെയായിരുന്നു അഭയാർത്ഥി ക്യാമ്പിൽ നടപ്പാക്കിയ ➡ താലിബാന്റെ നിയമങ്ങൾ.

# ഛത്തീസ് ഗഡിലെ മറിമായങ്ങൾ: വെടിയേറ്റ സ്ത്രീയെ കാണാനില്ല!

**- അമൻ സേഥി -**

ജനുവരി എട്ടാം തിയ്യതി ഛത്തീസ്ഗഡ് പോലീസ് സോദി ശംഭു(28) എന്ന യുവതിയെ വെടിയേറ്റ പരിക്കുമായി റായിപ്പൂർ മെഡിക്കൽ കോളേജിൽ കൊണ്ടുവന്നു. മെഡിക്കൽ കോളേജ് ആസ്പത്രിയിലെ രജിസ്റ്ററിൽ സോദിയെ സംബന്ധിച്ച വിവരങ്ങളെല്ലാം എഴുതിച്ചേർത്തിട്ടുണ്ട്. അതോടെ അവർ അപ്രത്യക്ഷയായി.

സുപ്രീം കോടതിയിൽ സമർപ്പിക്കപ്പെട്ട ഒരു ഹർജിയിലെ പ്രധാന സാക്ഷിയാണ് സോദി. കഴിഞ്ഞ ഒക്ടോബർ ഒന്നാം തിയ്യതി ഛത്തീസ്ഗഡിലെ ദാന്തെവാഡ ജില്ലയിൽ ഗോംപാദ ഗ്രാമത്തിൽ രക്ഷാസേനക്കാർ ഒരു വേട്ട നടത്തിയിരുന്നു. ഒമ്പത് ആദിവാസികൾ അന്നു കൊല്ലപ്പെട്ടു. സോദിക്കും വെടിയേറ്റിരുന്നു. അവരുടെ കാലിലെ ഒരു എല്ല് തകർന്നു. ഛത്തീസ്ഗഡിൽ ചികിത്സാസൗകര്യമില്ലാത്തതിനാൽ ദൽഹിയിലെ സെന്റ് ജോസഫ് ആസ്പത്രിയിലാണ് ചികിത്സിച്ചത്. അന്ന് ഓപ്പ

---

എന്റെ അഛന് എന്നെ പഠിപ്പിക്കണമെന്നുണ്ടായിരുന്നു. അഫ്ഘാനിസ്ഥാനിലെ ഒരു വനിതാ സംഘടനയായ "റാവ" അക്കാലത്ത് പെൺകുട്ടികൾക്കായി ഒരു അണ്ടർ ഗ്രൗണ്ട് സ്കൂൾ നടത്തിയിരുന്നു. ഞാൻ മാത്രമല്ല എന്റെ സഹോദരൻമാരും ആ സ്കൂളിൽ ചേർന്നു. അതല്ലെങ്കിൽ ആൺകുട്ടികളെയെല്ലാം നിർബ്ബന്ധമായും മദ്രസയിൽ പിടിച്ചിടുമായിരുന്നു.

ലത്തീഫ് ജനിച്ചത് അഫ്ഘാനിസ്ഥാനിലാണ്. പക്ഷെ താലിബാൻകാർ നടത്തുന്ന ക്യാമ്പിലാണ് വളർന്നത്. അവിടെ മദ്രസയിൽ പോകേണ്ടതുണ്ട്. അവിടത്തെ സംസാരം മുഴുവൻ ജിഹാദിനെപ്പറ്റിയായിരുന്നു. തോക്ക്, വെടിയുണ്ട, പട്ടാളക്കാരൻ, സ്ഫോടന വസ്തുക്കൾ എന്നിവ സംബന്ധിച്ച ചിത്രീകരണങ്ങൾ സുലഭമായിരുന്നു. വിരോധാഭാസമെന്നു പറയട്ടെ, അമേരിക്കയാണ് ഈ പുസ്തകങ്ങളൊക്കെ തയ്യാറാക്കി നൽകിയിരുന്നത്. അഫ്ഘാനിസ്ഥാനിലെ ഇത്തരം വിദ്യാഭ്യാസ പരിപാടികൾക്കായി അമേരിക്ക 1984നും 1994നും ഇടയിൽ അഞ്ചുകോടി ഡോളറിലധികം ചെലവാക്കിയതായി വാഷിങ്ടൻ പോസ്റ്റ് റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

അതിനാൽ ലത്തീഫിന്റെ മരണം എന്നിൽ വിചിത്രമായ വികാരങ്ങളാണുളവാക്കുന്നത്. "റാവ"യുടെ വക്താവെന്ന നിലക്ക് ഞാൻ താലിബാന്റെ നോട്ടപ്പുള്ളിയായിരുന്നു. ഇപ്പോഴും അതാണ് സ്ഥിതയെന്നു തോന്നുന്നു. അമേരിക്ക സംഘടിപ്പിച്ച ഭീകര പ്രവർത്തനത്തിന്റെ ഒരു ഇരയാണ് ലത്തീഫ്.

ലത്തീഫിന്റെ അമ്മയെക്കുറിച്ചാണ് എന്റെ ചിന്ത. അവർക്ക് തന്റെ മകന്റെ മൂന്നു എല്ലിൻ കഷണങ്ങൾ മാത്രമാണ് സംസ്കരിക്കാനായി കിട്ടിയത്. ലത്തീഫിന്റെ ജ്യേഷ്ഠന്റെ വാക്കുകൾ കാതിൽ മുഴങ്ങുന്നു. ലത്തീഫ് സ്വന്തം മരണം ക്ഷണിച്ചുവരുത്തിയതാണെന്ന് സമാധാനിക്കാം. നേരെ മറിച്ച് അയാൾ ലക്ഷ്യസ്ഥാനത്ത് എത്തിയിരുന്നുവെങ്കിൽ അയാൾ മാത്രമല്ല ഒട്ടേറെ നിരപരാധികളും മരിക്കേണ്ടി വരുമായിരുന്നു.

അഫ്ഘാനിസ്ഥാൻ ഒരു നരകമായി മാറിയിരിക്കുകയാണ്. വേണ്ടപ്പെട്ടവർ മരിച്ചാൽ ചിരിക്കണോ കരയണോ എന്നറിയാത്ത ഒരവസ്ഥ. ❑

റേഷൻ നടത്തി കാലിന്മേൽ ഇരുമ്പു ദണ്ഡ് വച്ചു പിടിപ്പിച്ചിരുന്നു.

ഇനി ഒരു ഓപ്പറേഷൻ കൂടി നടത്തി ആ ദണ്ഡ് എടുത്തു മാറ്റണമെന്ന് ആസ്പത്രിക്കാർ പറഞ്ഞിരുന്നു. അതിന്നുള്ള ദൽഹി യാത്രക്കിടയിൽ പോലീസ് അവരെ പിടികൂടി. ഇത് ജനവരി മൂന്നാം തിയ്യതിയാണ്. അതിന്നു ശേഷം സോദിയെ ആരും കണ്ടിട്ടില്ല. പത്രക്കാർക്കോ സോദിയുടെ വക്കീലിന്നോ അവരെ കാണാൻ സാധിച്ചിട്ടില്ല.

സോദിയെ കാണാൻ പോലീസ് അനുവദിക്കുന്നില്ലെന്നാണ് സോദിയുടെ വക്കീലായ കോളിൻ ഗോൺസാൽവസ് പറയുന്നത്. ദാന്തെവാഡെയിലെ പോലീസ് സൂപ്രണ്ടായ അംബരീശ് മീശ്രയെ സമീപിച്ചിട്ടും ഫലമുണ്ടായില്ല. ഒരു വക്കീലിന്ന് തന്റെ കക്ഷിയെ കാണാൻ പോലീസിന്റെ അനുവാദമൊന്നും വേണ്ടെന്നും പോലീസിന്നിതിൽ തലയിടാൻ അവകാശമില്ലെന്നും ഗോൺസാൽവസ് പറയുന്നു.

റായിപൂർ മെഡിക്കൽ കോളേജിൽ അന്വേഷിച്ചപ്പോൾ സോദിയെ ചികിത്സിച്ചതിന്റെ രേഖകൾ കണ്ടെത്തി. റായിപ്പൂരിൽ സൗകര്യം അപര്യാപ്തമാകയാൽ സോദിയെ ദൽഹിയിലെ അഖിലേന്ത്യാ മെഡിക്കൽ സയൻസസ് ഇൻസ്റ്റിട്യൂട്ടിലേക്ക് റഫർ ചെയതുവെന്നാണ് ഡോക്ടർമാർ പറയുന്നത്. എന്നാൽ ദൽഹിയിലെ ഇൻസ്റ്റിട്യൂട്ടിൽ അവരെ അഡ്മിറ്റ് ചെയ്തതിന്റെ രേഖയൊന്നുമില്ല.

സോദിയെ കാണാതായതിനെത്തുടർന്ന് ഗോൺസാൽവസ് സുപ്രീംകോടതിയിൽ ഒരു ഹർജി സമർപ്പിച്ചിരുന്നു. സോദി ദൽഹിയിലേക്ക് വരുന്നതിലോ അവരുടെ ഇഷ്ടപ്രകാരം ചികിത്സ നടത്തുന്നതിലോ പോലീസ് ഒരുതരത്തിലും ഇടപെടരുതെന്ന് സുപ്രീം കോടതി കല്പന നൽകുകയും ചെയ്തു. ദന്തേവാദെ പോലീസ് സൂപ്രണ്ടിനോട് അന്വേഷിച്ചപ്പോൾ സോദി ജനുവരി 10ന്ന് ദൽഹിയിലെത്തുമെന്നാണ് തനിക്കു ലഭിച്ച വിവരമെന്ന് പോലീസ് സൂപ്രണ്ട് പറഞ്ഞു.



സോദി ശംബു

സോദിയെ അറസ്റ്റ് ചെയ്യുകയോ കസ്റ്റഡിയിലെടുക്കുകയോ ചെയ്തിട്ടില്ലെന്ന് ഛത്തീസ്ഗഡ് മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായ ബൈജേന്ദ്ര കുമാർ പറയുന്നു. സോദിക്ക് എവിടെ വേണമെങ്കിലും ഇഷ്ടംപോലെ, പോകാവുന്നതേയുള്ളൂവെന്നും അദ്ദേഹം പറയുന്നു.

പക്ഷെ ജനവരി 13-ാം തിയ്യതിയായിട്ടും സോദി ദൽഹിയിലെത്തിയിട്ടില്ല; അവരെ ആസ്പത്രിയിൽ പ്രവേശിപ്പിച്ചിട്ടുമില്ല. അവരെവിടെയാണെന്ന് ആർക്കും അറിയുകയുമില്ല. ആദിവാസിയായ സോദിക്ക് ഇംഗ്ലീഷോ ഹിന്ദിയോ അറിയുകയുമില്ല. ദൽഹിയിൽ അവർക്ക് ബന്ധുക്കളോ മിത്രങ്ങളോ ഉള്ളതായും അറിയില്ല.

ഛത്തീസ്ഗഡിലെ ദന്തേവാദ ജില്ലയിലെ ഗോമ്പദ് ഗ്രാമത്തിൽ ഒക്ടോബർ ഒന്നാം തിയ്യതി നടന്ന കൂട്ടക്കൊലയുടെ ഒരേയൊരു ദൃക്സാക്ഷിയാണ് സോദി.

സോദിയെ ഛത്തിസ് ഗഡ് പോലീസ് ഫെബ്രുവരി 15ന്ന് സുപ്രീം കോടതിയിൽ ഹാജരാക്കിയതായി “ഹിന്ദു” പറയുന്നു. ❑

# ന്യായാധിപന്മാരും ജനങ്ങളോട് ഉത്തരവാദപ്പെട്ടവരാണ്

- പ്രശാന്ത് ഭൂഷൺ -

സുപ്രീംകോടതിയിലെ ജഡ്ജിമാരുടെ സ്വത്തുവിവരം വെളിപ്പെടുത്തുന്നതു സംബന്ധിച്ച് ചീഫ് ജസ്റ്റീസ് എ. പി. ഷായുടെ നേതൃത്വത്തിലുള്ള ദൽഹി ഹൈക്കോടതിയുടെ ഫുൾ ബഞ്ച് കൈക്കൊണ്ട തീരുമാനം അറിയാനുള്ള ജനങ്ങളുടെ അവകാശത്തിന്ന് വലിയൊരു പിൻതാങ്ങലാണെന്നു മാത്രമല്ല, നീതിന്യായ പീഠത്തിന്റെ ഉത്തരവാദിത്വത്തിന്നും ഒരു താങ്ങാണ്. അറിയാനുള്ള അവകാശത്തിന്റെ പിന്നിലുള്ള യുക്തിയെ ഈ വിധിയിൽ വ്യക്തമായി, സംക്ഷിപ്തമായി, പറയുന്നുണ്ട്. ജനങ്ങളാണ് യഥാർത്ഥ യജമാനന്മാരെന്നതാണ് ജനാധിപത്യത്തിന്റെ അടിസ്ഥാന തത്വമെന്ന് വിധിയിൽ ചൂണ്ടിക്കാട്ടുന്നു. പൊതുജന സേവകരെല്ലാംതന്നെ അധികാരം കയ്യാളുന്നത് പൊതുജനങ്ങളുടെ പേരിലാണ്. തങ്ങളുടെ പ്രതിനിധികളും ഉദ്യോഗസ്ഥന്മാരും ചെയ്യുന്നതെന്താണെന്നറിയാൻ പൗരന്മാർക്ക് അതിനാൽ അവകാശമുണ്ട്.

ഈ അവകാശം തന്നെയാണ് ഭരണഘടനയിലെ മൗലികാവകാശങ്ങളിലും ഉൾക്കൊള്ളുന്നത്. അനുഛേദം 14ൽ സമത്വത്തിനുള്ള അവകാശമാണ്. അനുഛേദം 19 ൽ അഭിപ്രായ പ്രകടന സ്വാതന്ത്ര്യമാണുള്ളത്. അനുഛേദം 21ൽ ജീവന്നും സ്വാതന്ത്ര്യത്തിന്നും ഉറപ്പു നൽകുന്നു. മറ്റാരേയും പോലെ ന്യായാധിപന്മാരും ജനങ്ങളോട് ഉത്തരവാദപ്പെട്ടിരിക്കുന്നു. ചീഫ് ജസ്റ്റീസുമാരടക്കമുള്ള എല്ലാ ജഡ്ജിമാരും തങ്ങളിൽ നിക്ഷിപ്തമായ അധികാരം എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്നറിയാൻ ജനങ്ങൾക്കവകാശമുണ്ട്. ജഡ്ജിമാരെ നിയമിക്കാനുള്ള അധികാരം കൈകാര്യം ചെയ്യുന്നതെങ്ങനെയെന്നും ജഡ്ജിമാർക്കെതിരായ പരാതികൾ കൈകാര്യം ചെയ്യുന്നതെങ്ങനെയെന്നും അറിയാനും പൗരന്മാർക്കവകാശമുണ്ട്.

സുപ്രീംകോടി ജഡ്ജിമാർ തങ്ങളുടെ സ്വത്തു സംബന്ധിച്ച വിവരം ചീഫ് ജസ്റ്റീസിനെ അറിയിക്കുന്നതിന്നുള്ള ഒരു ആചാരസംഹിത അവർതന്നെ ഉണ്ടാക്കിയിട്ടുണ്ട്. അങ്ങനെ ചീഫ് ജസ്റ്റീസിന്നു ലഭിക്കുന്ന വിവരം വിവരാവകാശ നിയമപ്രകാരം ലഭ്യമാക്കാമോ എന്നതിൽനിന്നാണ് ഈ പ്രശ്നമാകെ ഉയർന്നുവന്നിരിക്കുന്നത്. സുപ്രീം കോടതി ഈ വിവരം നൽകാൻ ആദ്യം വിസമ്മതിച്ചു. ജഡ്ജിമാർ അവരുടെ സ്വത്തുവിവരം ചീഫ് ജസ്റ്റീസിനെ അറിയിക്കണമെന്ന് നിയമമൊന്നുമില്ലെന്നും അതിനാൽ ഇത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരില്ലെന്നുമാണ് സുപ്രീം കോടതി ആദ്യം പറഞ്ഞത്. സ്വത്തുവിവരം ചീഫ് ജസ്റ്റീസിനെ അറിയിക്കുന്നത് ഒരു ആചാര സംഹിത പ്രകാരമാണെന്നും ചീഫ് ജസ്റ്റീസിനെ വിശ്വസിച്ചു നൽകുന്ന ഒരു വിവരമാണിതെന്നും സുപ്രീംകോടതി വാദിച്ചു. ചീഫ് ജസ്റ്റീസിന്നു നൽകുന്ന സ്വത്തുവിവരം വ്യക്തിപരമാണെന്നും, അതിൽ പൊതു താല്പര്യമൊന്നുമില്ലെന്നും വാദിക്കുകയുണ്ടായി.

ഈ വാദങ്ങളിൽ ഒന്നൊന്നായി നിരാ

കരിച്ചുകൊണ്ടുള്ളതാണ് ഹൈക്കോടതിയുടെ വിധി. ആചാര സംഹിത വേണമെങ്കിൽ അനുസരിച്ചാൽ മതിയാകുന്ന ഒന്നല്ല. ജഡ്ജിമാർ അവരുടെ സ്വത്തുവിവരം ചീഫ് ജസ്റ്റീസിനെ അറിയിക്കുകതന്നെ വേണം. ജഡ്ജിമാർ അവരുടെ സ്വത്തുവിവരം അറിയിച്ചേ തീരൂ എന്നിരിക്കെ, അതിൽ വ്യക്തിപരമായൊന്നും തന്നെയില്ല എന്ന് ഹൈക്കോടതി വിധിച്ചു.

സുപ്രീംകോടതിക്കുവേണ്ടി ഹാജരായ അറ്റോർണി ജനറൽ, ഹൈക്കോടതിയുടെ വിധിക്കെതിരെ അപ്പീൽ സമർപ്പിക്കാൻ അനുമതി ആവശ്യപ്പെട്ടപ്പോൾ ചീഫ് ജസ്റ്റീസ് എ.പി. ഷാ അവിശ്വസനീയമായ വിധത്തിൽ അറ്റോർണി ജനറലിനെ നോക്കി; എങ്കിലും അവസാനം അനുമതി നൽകി. സുപ്രീംകോടതിയുടെ ഈ നടപടിയെ മാധ്യമങ്ങളെല്ലാം അധിക്ഷേപിച്ചിട്ടുണ്ട്. സുപ്രീംകോടതിക്കെതിരായ ഒരു കേസ് സുപ്രീംകോടതിയിൽതന്നെ വാദത്തിന്നു വരുന്നത്, പ്രതിയെ ജഡ്ജിയാക്കുന്നതിന്നു തുല്യമാണ്. അപ്പീൽ വേണമോ വേണ്ടയോ എന്ന കാര്യം സുപ്രിംകോടതിയുടെ ഫുൾ കോടതി തീരുമാനിക്കുമെന്ന് ഇന്ത്യൻ ചീഫ് ജസ്റ്റീസ് പിന്നീട് വിശദീകരിച്ചു.

സുപ്രീംകോടതിക്കെതിരായ കേസ് സുപ്രീം കോടതിയിൽതന്നെ എടുക്കുന്നതിൽ ക്രമവിരുദ്ധമായൊന്നുമില്ലെന്ന് ചില ജഡ്ജിമാർ വാദിക്കുന്നുണ്ട്. ആവശ്യമെന്ന തത്വമാണിവിടെ പ്രസക്തമെന്ന് അവർ പറയുന്നു. അതായത്, ഹൈക്കോടതിയുടെ വിധിക്കെതിരായി അപ്പീൽ സമർപ്പിക്കാൻ മറ്റൊരു വേദിയില്ല എന്നർത്ഥം. പക്ഷെ പ്രശ്നം അതല്ല. മൂന്നാമതൊരു അപ്പീലിന്റെ ആവശ്യമുണ്ടോ എന്നതാണ് പ്രശ്നം. സുപ്രീം കോടതി ചീഫ് ജസ്റ്റീസിന്റെ നിലപാടിന്നെതിരെ കേന്ദ്ര ഇൻഫർമേഷൻ കമ്മീഷൻ വിധി പറഞ്ഞു. അതിന്നെതിരായ അപ്പീൽ ഹൈക്കോടതിയുടെ സിങ്കിൾ ബഞ്ച് തള്ളി; അതിന്നെതിരായ അപ്പീൽ ഹൈക്കോടതിയുടെ ഫുൾബഞ്ചും തള്ളി. ഈ മൂന്നു വിധിക്കെതിരായി സുപ്രീംകോടതിയിൽതന്നെ അപ്പീൽ സമർപ്പിക്കുകയും സുപ്രീംകോടതിയിൽ മറിച്ചൊരുവിധിയുണ്ടാകുകയും ചെയ്താൽ ആർക്കെല്ലാമോ എന്തെല്ലാമോ ഒളിച്ചുവയ്ക്കാനുണ്ടെന്നുള്ള സംശയം വർധിപ്പിക്കാനേ അത് സഹായിക്കൂ.

വെളിപ്പെടുത്താൻ ഇഷ്ടമില്ലാത്ത വിവരങ്ങളിൽ പ്രധാനമായവ ജഡ്ജിമാരുടെ നിയമനകാര്യവും ജഡ്ജിമാരെക്കുറിച്ചുള്ള പരാതിയുമാണെന്ന് ഇന്ത്യൻ ചീഫ് ജസ്റ്റീസ് ഈയിടെ സൂചിപ്പിക്കുകയുണ്ടായി. അടുത്തകാലത്ത് നടന്ന ചില നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തണമെന്ന് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ ഈയിടെ ആവശ്യപ്പെട്ടിരുന്നു. ഇത്തവണ സുപ്രീംകോടതി ചീഫ് ഇൻഫർമേഷൻ കമ്മീഷണറുടെ കല്പനക്കെതിരായ അപ്പീൽ ഹൈക്കോടതിയിൽ സമർപ്പിക്കേണ്ടെന്നുവച്ചു. സുപ്രീംകോടതിയുടെ നടപടിക്കെതിരായ അപ്പീൽ സുപ്രീംകോടതിയിൽ തന്നെയാണ് സമർപ്പിച്ചിരിക്കുന്നത്.

കർണാടക ചീഫ് ജസ്റ്റിസായ ജ: ദിനകരനെ സുപ്രീംകോടതിയിലെ ജഡ്ജിയായി നിയമിക്കാൻ നടന്ന ശ്രമത്തിൽനിന്ന് ഒരു കാര്യം വ്യക്തമാകുന്നു. ജഡ്ജിമാരുടെ നിയമനത്തിന്റെ പിന്നിൽ എന്തെല്ലാമോ ഉണ്ടെന്നും അത് പുറത്തുവരുന്നത് തടയാൻ കോടതി വ്യഗ്രത കാട്ടുന്നുവെന്നതുമാണ് അത്. നീതിന്യായ പീഠങ്ങളെക്കുറിച്ചുള്ള വിശ്വാസ്യതക്കേറ്റ ക്ഷതത്തെ വർധിപ്പിക്കാൻ മാത്രമേ ഇത് സഹായിക്കൂ. ❑



# അറബി ലോകത്തിലെ പള്ളികൾ മരണക്കെണികളായി മാറുന്നു

- ധിയാ അൽ മുസാവി -

(ബഹറിനിലെ ഒരു ബുദ്ധിജീവിയായ ധിയാ അൽ മുസാവി അബുധാബി ടെലിവിഷന്ന് അനുവദിച്ച ഒരു അഭിമുഖ സംഭാഷണത്തിന്റെ സംഗ്രഹമാണ് താഴെ ചേർക്കുന്നത്.)

പ്രത്യയ ശാസ്ത്രത്തിന്റെ കഴുമരങ്ങളിൽ ഞാൻ വിശ്വസിക്കുന്നില്ല. അറബി ലോകത്തിലെ നമ്മുടെ പ്രശ്നം പ്രത്യയശാസ്ത്രപരമായ ഒരുപാട് കഴുമരങ്ങൾ നമുക്കുണ്ടെന്നതാണ്. നാം ദിവസേനയെന്നോണം ബുദ്ധിജീവികളെ, ചിന്തകന്മാരെ, കവികളെ കഴുവിലേറ്റിക്കൊണ്ടിരിക്കുന്നു. നാം സർഗ്ഗാത്മകതക്ക് എതിരാണ്; നാഗരികതക്ക് എതിരാണ്; സമൂഹത്തിൽ പൊതുവായൊരു ഇടം കണ്ടെത്താനുള്ള ഏതൊരു യത്നത്തിന്നും നാം എതിരാണ്. അറബി മനസ്സിൽ, അറബി ബോധത്തിൽ, അടിഞ്ഞുകൂടിക്കൊണ്ടിരിക്കുന്ന പിന്നോക്ക ചിന്തയെ പറിച്ചെറിയാനുള്ള ധീരത നമുണ്ടാകണം.

ഇത് സ്വയം പീഡനമല്ല. സത്യമാണിത്. നാം തീരെ വികസിച്ചിട്ടില്ല; തോൽവി സമ്മതിക്കാൻ പോലും നമുക്കാവുന്നില്ല. പണ്ട് ആൻഡലൂഷ്യയിൽ നമുക്കൊരു നാഗരികതയുണ്ടായിരുന്നു; മറ്റു പല സ്ഥലങ്ങളിലും നമ്മുടെ നാഗരികത വളർന്നിരുന്നു. എന്നാൽ നാമിന്ന് പിന്നോക്കം പോകുകയാണ്. നാം ഹിംസ കയറ്റുമതി ചെയ്യുന്നു. പല രാജ്യങ്ങളേയും ഭീതിയിലാഴ്ത്തുന്നു; ദേശീയ സുരക്ഷിതത്വത്തെ നാം ഭീഷണിപ്പെടുത്തുന്നു. അങ്ങനെ പലതും ചെയ്യുന്നു. മതപരമായ ചിന്തയെ നാം പരിഷ്കരിക്കേണ്ടതായിട്ടുണ്ട്. അതിന്റെ രൂപം മാറ്റണം. എന്തുകൊണ്ടെന്നാൽ, ഞാൻ സത്യം പറയട്ടെ, പള്ളികളിലെ ഉദ്ബോധന പീഠങ്ങൾ സാധാരണക്കാർക്ക് മരണക്കെണിയാകാൻ തുടങ്ങിയിരിക്കുന്നു.

ചോദ്യം: എങ്ങനെയാണത്?

ഉത്തരം: മറ്റുള്ളവർക്കെതിരെ വിദ്വേഷം ജനിപ്പിക്കുന്നത് മരണക്കെണിയുണ്ടാക്കലാണ്. സ്വർഗ്ഗത്തിന്റെ മേൽ നാം കുത്തകാവകാശം അവകാശപ്പെടുന്നു.

ചോദ്യം: പള്ളികളിലെ ഉദ്ബോധന പീഠങ്ങൾ സർക്കാർ മേൽനോട്ടത്തിൻ കീഴിലല്ലെ?

ഉത്തരം: ചിലത് സർക്കാരിന്റെ മേൽനോട്ടത്തിലാണ്. എന്നാൽ ചില അറബി രാജ്യങ്ങളിൽ ഉദ്ബോധന പീഠങ്ങൾ സർക്കാർ മേൽനോട്ടത്തിലാണെങ്കിലും അവിടങ്ങളിലെ സർക്കാർതന്നെ മരണക്കെണികളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഇതിന്റെ പിന്നിൽ രാഷ്ട്രീയ കാരണങ്ങളുണ്ടെന്നത് ശരിയാണ്. പക്ഷെ ആരാണിതിന്ന് വില നൽകുന്നത്? രാജ്യം! സമൂഹം! ചെറുപ്പക്കാർ! സ്വർഗ്ഗത്തിന്റെ പടിവാതുക്കൽ കറുത്ത കൃഷ്ണമണികളോടു കൂടിയ കന്യകമാർ നിൽക്കുന്നുണ്ടെന്ന് വിശ്വസിക്കുന്ന യുവാക്കൾ! ആ സ്വർഗ്ഗത്തിലെത്താൻ ആയാൾ ആകെ ചെയ്യേണ്ടത് സ്വയം മരിക്കലാണെന്ന് വിശ്വസിക്കുന്നവർ! സ്വർഗ്ഗത്തിലെ ആ സുന്ദരിമാരെ കിട്ടാൻ അയാൾ തന്റെ കുടുംബത്തേയും കുട്ടികളേയും ബോംബ് സ്ഫോടനത്തിന്നിരയാക്കും.

ഇത് മരണത്തിന്റെ ഭാഷയാണ്; മരണത്തിന്റെ സംസ്കാരമാണ്. ഇങ്ങനെ

ചത്തുപോകാനല്ല നാം ഈ ലോകത്തിൽ ജനിക്കുന്നത്. മനുഷ്യന്റെ സൗന്ദര്യം കിടക്കുന്നത് തന്റെ നാടിന്നു വേണ്ടി ജീവിക്കുന്നതിലാണ്; മറ്റുള്ളവരെ മരണക്കെണിയിൽ വീഴ്ത്താനായി മരിക്കുന്നതിലല്ല. അറബ് ലോകത്തിൽ വിജ്ഞാന നിധികളായ മതപണ്ഡിതന്മാരുണ്ട്. പ്രശ്നം അതല്ല. നാം ജനങ്ങളെ നിരന്തരം ഭയപ്പെടുത്തുന്നതാണ്. നാം നരകത്തെപ്പറ്റി മാത്രമേ സംസാരിക്കുന്നുള്ളൂ. സ്വർഗ്ഗത്തെപ്പറ്റി മിണ്ടുന്നില്ല. ഖുറാൻ സന്തുലിതമാണ്. അതിൽ നരക തീയിനെപ്പറ്റി പറയുന്നതിനോടൊപ്പം സ്വർഗ്ഗത്തിന്റെ സദ്ഫലങ്ങളെക്കുറിച്ചും പറയുന്നുണ്ട്. എന്നാൽ നാം നിരന്തരം നരകത്തെപ്പറ്റി പറയുന്നു; തനി സാത്താൻ, തനി സർപ്പം ശവക്കുഴിയിലെത്തുമെന്ന് നാം പറയുന്നു. നിരന്തര ഭീതിയാണത്; അതെപ്പോഴും ഇരുണ്ടൊരു ചിത്രമാണ്.

ചോദ്യം: എന്തുകൊണ്ടാണത്?

ഉത്തരം: എന്തുകൊണ്ടാണത്? അതാണ് പ്രശ്നം. നിർഭാഗ്യവശാൽ ചില യുവാക്കൾ മതത്തെ തെറ്റായി വ്യാഖ്യാനിക്കുന്നു. മതബോധമുണ്ടാകുന്നതോടെ അയാൾ പുഞ്ചിരിക്കാതാകുന്നു; മറ്റുള്ളവരെ അഭിവാദ്യം ചെയ്യാതാകുന്നു. അയാൾ ചിലരെ മതനിന്ദ നടത്തിയതായി കുറ്റപ്പെടുത്തുന്നു; മറ്റു ചിലരെ പാപികളായി കുറ്റപ്പെടുത്തും. അയാൾ സംഗീതത്തെ വെറുക്കുന്നു; വൃത്തിയായി വേഷം ധരിക്കാൻ വിസമ്മതിക്കുന്നു. അയാളുടെ മനസ്സ് പ്രത്യയശാസ്ത്രത്തിന്റെ ചളിക്കുണ്ടിലേക്ക് വലിച്ചെറിയപ്പെടുകയാണ്. ഇങ്ങനെയൊക്കെ പറയേണ്ടിവന്നതിൽ എനിക്കു സങ്കടമുണ്ട്.

ചോദ്യം: ഞാനൊന്നു ചോദിക്കട്ടെ. ഒരു ഷിയാ അനുയായി, അല്ലെങ്കിൽ സുന്നി അനുയായി തന്നെയാകട്ടെ, മത പണ്ഡിതനായിട്ടും അയാൾ സംഗീതം കേൾക്കുന്നുവെങ്കിൽ അറബികളായ പൊതുജനങ്ങൾക്ക് അയാളെ മതപണ്ഡിതനായി സ്വീകരിക്കാനാകുമോ?

ഉത്തരം: എന്റെ അഭിപ്രായത്തിൽ അറബികൾക്ക് ഒട്ടേറെ പ്രശ്നങ്ങളുണ്ട്. പല നല്ല കാര്യങ്ങളും നാം നശിപ്പിച്ചിരിക്കുന്നു. പൊതുവായ വാസനാവിശേഷം പോലും നാം നശിപ്പിച്ചിട്ടുണ്ട്. സംഗീതം മനോഹരമാണ്.

> കൂടുതൽ വായിക്കുന്ന രാജ്യങ്ങൾ കൂടുതൽ മാനിക്കപ്പെടുന്നു. പാശ്ചാത്യ രാജ്യങ്ങൾ ഉദാഹരണം. സ്വിറ്റ്സർലണ്ടിൽ ബസ്സിലോ വണ്ടിയിലോ എവിടെയായാലും ശരി ആളുകൾ പുസ്തകം വായിക്കുന്നതു കാണാം. ഈ അറബിലോകത്തിൽ എവിടെയെങ്കിലും നിങ്ങൾ അത്തരമൊരു കാഴ്ച കണ്ടിട്ടുണ്ടോ? അറബിയുവാക്കളുടെ പ്രശ്നം അവരൊന്നും വായിക്കുന്നില്ല എന്നതാണ്.
>
> -ധിയ അൽ മുസാവി-

ചോദ്യം: താങ്കൾ സംഗീതം കേൾക്കാറുണ്ടോ?

ഉത്തരം: ഉവ്വ്.ഞാൻ സംഗീതം കേട്ടിരിക്കാറുണ്ട്. ക്ലാസിക്കൽ സംഗീതമാണ് എനിക്ക് പ്രിയങ്കരം. ബിഥോവന്റെ സിംഫണികൾ അതിമനോഹരമാണെന്നു ഞാൻ കരുതുന്നു. മനുഷ്യസൃഷ്ടിയായ കലകളിൽവച്ച് ഏറ്റവും മികച്ചവയിൽ പെടും അത്. സംഗീതം മനുഷ്യനിലെ ആത്മീയതയെ ഉണർത്തുന്നതായി ഞാൻ കരുതുന്നു. അത് അവനെ വിനയാന്വിതനാക്കുന്നു. എന്താണതിൽ തെററ്?

അഹിംസാനയത്തെ സംബന്ധിച്ചിടത്തോളം ഗാന്ധിയെ ഞാൻ ഉദാഹരണമായി ചൂണ്ടിക്കാട്ടും. അദ്ദേഹത്തെ ഞാനൊരു വീരപുരുഷനായി കരുതുന്നു. ഗാന്ധിയുടെ ജീനുകളിൽനിന്ന് അല്പം സമ്പാദിച്ച് അറബിലോകത്തിലെ നമ്മുടെ യുവാക്കളുടെ തലച്ചോറിൽ വച്ചു പിടിപ്പിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ-----

ചോദ്യം: നിങ്ങളുടെ വീട്ടിൽ മാർട്ടിൻലൂതർ കിങ്ങിന്റേയും ജീസസിന്റേയും ചിത്രങ്ങൾ ചുമരിൽ വച്ചിട്ടുണ്ടോ?

ഉത്തരം: എന്റെ വീട്ടിൽ ജീസസിന്റെ ചിത്രം വച്ചിട്ടുണ്ട്. കാരണം ആ ചിത്രത്തിലേക്ക് നോക്കുമ്പോഴെല്ലാം സമാധാനത്തിന്റേയും പ്രേമത്തിന്റേയുമായ ലോകങ്ങൾ എന്റെ മുന്നിൽ തുറക്കപ്പെടുന്നു. "നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കൂ; നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിക്കൂ" എന്നു പറഞ്ഞത് ജീസസാണ്. നമുക്ക് നമ്മുടെ സമൂഹത്തിൽ വേണ്ടത് സുന്ദരമായ ഈ ഭാഷയാണ്. മാത്രമല്ല ഗാന്ധിയുടെ ഒരു ചിത്രവും ഞാൻ ചുമരിൽ വച്ചിട്ടുണ്ട്. ഞാനദ്ദേഹത്തെ വളരെ നല്ലൊരു മനുഷ്യനായി കരുതുന്നു. നമ്മുടെ യുവാക്കളുടെ മനസ്സിൽ കയറ്റേണ്ടത് അദ്ദേഹത്തിന്റെ രൂപമാണ്.

"കുരങ്ങന്മാരുടേയും പന്നികളുടേയും സന്തതികളായ ജൂതന്മാരേയും കൃസ്ത്യാനികളേയും അള്ളാ ശപിക്കട്ടെ" എന്ന് നമ്മിൽ ചിലർ പറയാറുണ്ട്. ഇതാണോ പുരോഗതിയുടെ ഭാഷ? സഹിഷ്ണുതയുടേയും ഉദ്ബുദ്ധതയുടേയും ഭാഷയാണോ ഇത്? നിങ്ങൾ ജനിച്ചത് റോമിലായിരുന്നുവെങ്കിൽ, നിങ്ങളൊരു കൃസ്ത്യാനിയാകുമായിരുന്നു; നിങ്ങൾ ജനിച്ചത് ടെഹറാനിലായിരുന്നുവെങ്കിൽ, നിങ്ങളൊരു ഷിയ ആകുമായിരുന്നു; സൗദി അറേബിയയിലാണ് നിങ്ങൾ ജനിച്ചതെങ്കിൽ നിങ്ങളൊരു സുന്നിയാകുമായിരുന്നു. അങ്ങനെ പലപല ജനതകളുണ്ട്. ഈ ജനതകൾക്കെല്ലാം മാനവരാശി എന്ന മേശക്കു ചുറ്റും പരസ്പര സ്നേഹത്തോടെ സമ്മേളിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ അതെത്ര അത്ഭുതകരമായ ദൃശ്യമാകുമായിരുന്നു.

കൂടുതൽ വായിക്കുന്ന രാജ്യങ്ങൾ കൂടുതൽ മാനിക്കപ്പെടുന്നു. പാശ്ചാത്യ രാജ്യങ്ങൾ ഉദാഹരണം. അവിടെ ജനങ്ങൾ ധാരാളം വായിക്കുന്നു. നിങ്ങൾ സ്വിറ്റ്സർലണ്ടിലേക്കൊന്നു പോയാൽ, നിങ്ങൾ ചെല്ലുന്നേടത്തെല്ലാം, ബസ്സിലോ വണ്ടിയിലോ എവിടെയായാലും ആളുകൾ പുസ്തകം വായിക്കുന്നതു കാണാം. ഈ അറബിലോകത്തിൽ എവിടെയെങ്കിലും നിങ്ങൾ അത്തരമൊരു കാഴ്ച കണ്ടിട്ടുണ്ടോ? അറബി യുവാക്കളുടെ പ്രശ്നം അവർ ഒന്നും വായിക്കുന്നില്ല എന്നതാണ്.

"ആൾക്കൂട്ടം: ജനകീയമനസ്സിന്റെ ഒരു പഠനം" എന്ന കൃതിയിൽ ഗുസ്താവ് ലേ ബോൺ പറയുന്നതിങ്ങനെയാണ്: കശാപ്പുശാലയിലേക്ക് കൊണ്ടുപോകുമ്പോഴും അറബിയുവാക്കൾ ചിലപ്പോൾ പുഞ്ചിരിതൂകും.

എന്തുകൊണ്ടാണിത്? കാരണം, അവർക്ക് ബോധോദയമില്ല. നിരക്ഷരതയാണ് നമ്മുടെ ശാപം. ഐക്യരാഷ്ട്ര സമിതിയുടെ റിപ്പോർട്ട് പ്രകാരം അറബിലോകത്തിൽ ഏഴു കോടിയോളം നിരക്ഷരരുണ്ട്. മറ്റൊരു തരത്തിൽ പറഞ്ഞാൽ, നിങ്ങൾക്ക് മരണക്കെണിയിൽ വീഴ്ത്താവുന്നവരായി ഏഴുകോടിയോളം പേരുണ്ട്. കാരണം അവരാരും ഒന്നും വായിക്കുന്നില്ല. ❑

# മാവോയിസ്റ്റുകൾക്കെതിരായ യുദ്ധം പരാജയപ്പെടും

- പ്രേംശങ്കർ ഝാ -

സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം ഇന്ത്യ നാലുകലാപങ്ങളെ നേരിട്ടിട്ടുണ്ട്. അതിലെല്ലാം ഏറെക്കുറെ ജയിക്കുകയും ചെയ്തു. കലാപങ്ങളെ നേരിടാനുള്ള സങ്കീർണ്ണമായ ഒരു തന്ത്രം ഇന്ത്യ വികസിപ്പിച്ചെടുത്തിട്ടുണ്ടെന്നു പറയാം. അടിസ്ഥാനപരമായി മൂന്നു തത്വങ്ങളാണിതിൽ അടങ്ങിയിരിക്കുന്നത്.(1) സൈനിക ശക്തി കൊണ്ടുമാത്രം കലാപത്തെ തോൽപ്പിക്കാനാവില്ല. ഒരൊത്തുതീർപ്പിന്റെ മാർഗ്ഗത്തിലേക്ക് അവരെ കൊണ്ടുവരാൻ മാത്രമേ ആയുധ ബലത്തിന്നു കഴിയൂ. (2) ഒത്തുതീർപ്പു വേണമെങ്കിൽ രണ്ടു കക്ഷികൾ വേണം. അതിനാൽ കലാപകാരികളുമായുള്ള സമ്പർക്കത്തിന്നു മാർഗ്ഗം കണ്ടെത്തണം. (3) ഇരുകക്ഷികളും തമ്മിൽ എത്രയധികം സമ്പർക്കമുണ്ടോ അത്രയധികം പരസ്പരം മനസ്സിലാക്കാൻ കഴിയും. അത് ഒത്തുതീർപ്പ് എളുപ്പമാക്കും; വിട്ടുവീഴ്ചകൾ സാധ്യമാകും.

ഇത്തരത്തിലുള്ള പരസ്പര സമ്പർക്കം വേണമെങ്കിൽ ജനങ്ങൾ വീറോടെ ഇടപെടണം. അഭിഭാഷകർ, പ്രൊഫസർമാർ, പത്രപ്രവർത്തകർ, ടെലിവിഷൻ പ്രവർത്തകർ, സാമൂഹ്യപ്രവർത്തകർ, പൗരാവകാശ പ്രവർത്തകർ, തുടങ്ങിയവർ കലവറയില്ലാതെ ഇടപെടണം. വേണ്ടിവന്നാൽ ഇവർ മധ്യസ്ഥതക്കും തയ്യാററാകണം. പക്ഷെ ആരോഗ്യകരമായ ഒരു ജനാധിപത്യ സംവിധാനത്തിലേ ഇതൊക്കെ നടക്കൂ. സ്വാതന്ത്ര്യമല്ല, സ്വയംഭരണമാണ് കലാപകാരികളുടെ ലക്ഷ്യമെങ്കിൽ അവർ ജനങ്ങളുടെ ഇടപെടലിന്നു വഴങ്ങും.

അപ്പോൾ മാവോയിസ്റ്റുകളുടെ കാര്യം വരുമ്പോൾ ഗവർമ്മേണ്ട് മുമ്പു പഠിച്ച പാഠങ്ങളൊക്കെ മറക്കുന്നതെന്തുകൊണ്ടാണ്? ഗവർമ്മേണ്ടിന്റെ മിത്രങ്ങളായിരിക്കേണ്ട സാധാരണക്കാരെ ഗവർമ്മേണ്ട് എങ്ങനെയാണ് ഇത്തരത്തിൽ ശത്രുക്കളായി മാറ്റിയത്? മാവോയിസ്റ്റുകൾ ജനങ്ങളോട് കാണിക്കുന്ന അതിക്രമങ്ങളിൽ പോലും പ്രതിഷേധിക്കാൻ തോന്നാത്തവിധത്തിൽ ജനങ്ങളെ ശത്രുക്കളുടെ പാളയത്തിൽ ആട്ടിക്കയറ്റിയതെങ്ങനെയാണ്? ചുരുക്കത്തിൽ, ഗവർമ്മേണ്ടിന്റെ പങ്കാളികളാകേണ്ടിയിരുന്ന സാധാരണക്കാർ എന്തുകൊണ്ടാണ് ഗവർമ്മേണ്ടിന്റെ ശത്രുക്കളായത്?

ഗവർമ്മേണ്ടിന്റെ മാവോയിസ്റ്റ് വിരുദ്ധ സമരമുറകൾ കണ്ട് സാധാരണക്കാർ പകച്ചുനിൽക്കുകയാണ്. ഈ ഭീതിക്ക് കാരണമുണ്ട്. മാവോയിസ്റ്റുകൾക്കെതിരായ പോരാട്ടത്തിന്റെ ആരംഭം മുതൽ കേന്ദ്ര-സംസ്ഥാന ഗവർമ്മേണ്ടുകൾ ആശ്രയിച്ചുവരുന്നത് ആയുധബലത്തെയാണ്; ആയുധബലത്തെ മാത്രമാണ്. ഈ നയം വ്യക്തമായും പരാജയപ്പെട്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ മുന്നോട്ടുവച്ച കാൽ പിൻവലിക്കാൻ ഗവർമ്മേണ്ട് തയ്യാറല്ല. ഈ നയം വിജയിക്കാത്തതിന്റെ കാരണം ബലപ്രയോഗം വേണ്ടത്ര ഊക്കിൽ നടത്താത്തതുകൊണ്ടാണെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി കാര്യാലയം കരുതുന്നു. അതിനാൽ ബലപ്രയോഗം പരാജയപ്പെടുന്നതിന്നുള്ള മറുമരുന്ന് കൂടുതൽ ശക്തിയായ ബലപ്രയോഗമാണെന്ന് അവർ വിശ്വസിക്കുന്നു.

ഘട്ടംഘട്ടമായി വികസിപ്പിച്ചെടുത്ത ഒരു നയമാണിത്. മാവോയിസത്തിന്റെ നാരായവേരു കിടക്കുന്നത് ഛത്തീസ്ഗഡിലാണ്. അവിടത്തെ പോലീസിന്ന് പ്രത്യേകിച്ചൊരു പരീശീലനവുമില്ല; അവർക്ക് ആയുധങ്ങളുമില്ല. അങ്ങനെ മനോവീര്യമാകെ തളർന്ന പോലീസിനെ മാവോയിസ്റ്റുകൾ കുരങ്ങുകളിപ്പിക്കാൻ തുടങ്ങിയപ്പോഴാണ് ആദിവാസികളേയും മറ്റുള്ളവരേയും റിക്രൂട്ട് ചെയ്ത് സാൽവജൂഡും ഉണ്ടാക്കിയത്. കേന്ദ്ര റിസർവ്വ് പോലീസിൽനിന്ന് കുറെപേരെ തിരഞ്ഞെടുത്ത് ഒരു ഭീകരവിരുദ്ധ സേനയുണ്ടാക്കി. ഗ്രേഹൗണ്ട്, കോബ്ര തുടങ്ങിയ വിശേഷപേരുകളോടുകൂടിയ സേനാവിഭാഗങ്ങൾ ഇവരാണ്. (ഝാർഖണ്ഡിൽ ഇവർക്ക് നൽകിയിരിക്കുന്ന ഫാഷൻ നാമം ജാഗോർ എന്നാണ്) നക്ഷൽ ശല്യമുള്ള പ്രദേശങ്ങളിലെ ഗ്രാമങ്ങളിലെ ജനങ്ങളെ മുഴുവൻ ആട്ടിതെളിച്ച് ക്യാമ്പുകളിലാക്കുകയും

> നാട്ടിൽ ജനങ്ങൾക്കിടയിൽനിന്ന് ഉദ്ഭൂതമാകുന്ന ഒരു പ്രസ്ഥാനത്തെ അവഗണിക്കുന്നത് അത്യന്തം വിവേകശൂന്യമായ ഒരു നടപടിയാണ്.
>
> "ഹിന്ദു" - എം.കെ. ഭദ്രകുമാർ

അങ്ങനെ നക്ഷലുകളുടെ കഥകഴിച്ചതായി പ്രഖ്യാപിക്കുകയും ചെയ്യലായിരുന്നു ഇവരുടെ ടെക്നിക്. പണ്ട് വിയറ്റ്നാമിൽ അമേരിക്ക പരീക്ഷിച്ചു പരാജയപ്പെട്ട ടെക്നിക്കാണിതെന്ന് ഗവർമ്മേണ്ടിന്നറിയില്ല; ഇതൊക്കെ പറഞ്ഞു കൊടുക്കാൻ കഴിവുള്ളവരുമായി ഗവർമ്മേണ്ടിന്ന് ഒരു ബന്ധവുമില്ലെന്നല്ല, അവരെയൊക്കെ ഗവർമ്മേണ്ട് ശത്രുക്കളായിഗണിക്കുകയും ചെയ്തിരുന്നു.

ഈ സാൽവജൂഡും കാണിക്കുന്ന അക്രമങ്ങളാണ് ജനങ്ങളെ മാവോയിസ്റ്റ് പാളയങ്ങളിലെത്തിച്ചുകൊണ്ടിരിക്കുന്നത്. അക്ഷരാഭ്യാസം പോലുമില്ലാത്ത ഗോത്രവർഗ്ഗക്കാരെ റിക്രൂട്ട് ചെയ്ത് സ്പെഷൽ പോലീസ് ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. എല്ലാവർക്കും ഓരോ തോക്കും പ്രതിമാസം 1500ക. വീതവും നൽകി. നക്ഷൽ ശല്യമുള്ള ഗ്രാമങ്ങളിലെ ജനങ്ങളെ മുഴുവൻ ഒഴിപ്പിക്കേണ്ട ഭാരം ഇവർക്കായിരുന്നു. 1997 ആയപ്പോഴേക്കും ഛത്തീസ്ഗഡ് ഗവർമ്മേണ്ട് ഇത്തരത്തിൽപെട്ട നാലായിരത്തിൽപരം സ്പെഷൽ പോലീസ് ഓഫീസർമാരെ റിക്രൂട്ടു ചെയ്തിരുന്നു. ഇവരാകട്ടെ, അമ്പതിനായിരത്തിൽപരം ഗ്രാമീണരെ ആട്ടിത്തെളിച്ച് സർക്കാർ ക്യാമ്പുകളിലെത്തിക്കുകയും ചെയ്തു.

കയ്യിൽ തോക്കും, ചോദിക്കാൻ ആരുമില്ലാത്ത സ്ഥിതിയും വന്നാൽ എന്തുണ്ടാകും? അതാണ് സാൽവജൂഡുമിന്നും സംഭവിച്ചത്. ഗാന്ധിയനായ ഹിമാംശുകുമാർ ആദിവാസികളുടെ ഉദ്ധാരണത്തിന്നായി പതിനേഴുകൊല്ലം മുമ്പു സ്ഥാപിച്ച വനവാസി ചേതന ആശ്രമം സാൽവജൂഡുംകാർക്കെതിരെ അറുനൂറിൽപരം പരാതികൾ സമർപ്പിച്ചു. ആദിവാസി കുടിലുകൾ കത്തിക്കുക, ആദിവാസികളുടെ സ്വത്തുക്കൾ പിടിച്ചെടുക്കുക, കയ്യേറ്റം നടത്തുക, ബലാത്സംഗം ചെയ്യുക, കൊലപാതകം നടത്തുക എന്നിവ സംബന്ധിച്ചായിരുന്നു പരാതികൾ. ആരും അന്വേഷിക്കുക പോലും ചെയ്തില്ല. ഒടുവിൽ ഹിമാംശുകുമാർ ഇതൊക്കെ സുപ്രീം കോടതിയുടെ ശ്രദ്ധയിൽ പെടുത്തി.

സർക്കാരിന്റെ ബലപ്രയോഗ നയം പാടെ പരാജയപ്പെട്ടിരിക്കുകയാണ്. 2009ലെ ആദ്യത്തെ 10മാസക്കാലത്ത് മാവോയിസ്റ്റുകൾ 293 പോലീസുകാരെ കൊല്ലുകയുണ്ടായി; മാവോയിസ്റ്റുകളിൽ 234 പേർക്ക് അപായം സംഭവച്ചിട്ടുണ്ടെന്നാണ് സർക്കാർ പറയുന്നത്. കഴിഞ്ഞ അര നൂറ്റാണ്ടിന്നിടയിൽ തീവ്രവാദ കലാപകാരികളേക്കാൾ രക്ഷാഭടന്മാർക്ക് ജീവാപായം സംഭവിച്ച ഒരേ ഒരു കലാപം ഇതാണ്. ഇതിന്നൊരപവാദം പാക്-അഫ്ഘാൻ അതിർത്തി പ്രദേശത്ത് താലിബാനുമായുള്ള ഏറ്റുമുട്ടൽ പാക്കിസ്താനികൾക്ക് സംഭവിക്കുന്ന ആൾനാശം മാത്രമാണ്.

മാവോയിസ്റ്റുകളെ തകർക്കുന്നതിലുണ്ടായിരിക്കുന്ന പരാജയം കേന്ദ്ര-സംസ്ഥാന ഗവർമ്മേണ്ടുകളെ പരിഭ്രാന്തിയിലാക്കിയിട്ടുണ്ട്. ഈ പരാജയം മൂടിവയ്ക്കാനാണിപ്പോഴത്തെ വെമ്പൽ. കഴിഞ്ഞ മേയ് 17ന്ന് ലോകസഭാതിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന്നുണ്ടായ വിജയം ഇന്ത്യയിലാകെ ആഘോഷിച്ചുകൊണ്ടിരിക്കുമ്പോൾ, ഛത്തീസ്ഗഡിലെ 500ൽപരം പോലീസുകാർ ദന്തെവാദെയിലുള്ള ഹിമാംശുവിന്റെ

# ജനിതക മാറ്റം വരുത്തിയ ഭക്ഷണം അർബുദ കാരണമാകാം

- സൗമ്യ മിത്ര -

**ജ**നിതക മാറ്റം വരുത്തിയ വഴുതിനങ്ങ വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കാൻ അനുമതി നൽകുന്നതിന്റെ വക്കത്തുവരെ എത്തിയതായിരുന്നു ഇന്ത്യാഗവർമ്മേണ്ട് ജനിതക മാറ്റം വരുത്തിയ വഴുതനങ്ങയെപ്പറ്റിയും റൗണ്ടപ്പ് റെഡി സോയാബീനിനെപ്പറ്റിയും താൻ നടത്തിയ ഗവേഷണങ്ങളെപ്പറ്റിയും ഇവ എത്രമാത്രം അപകടകാരിയാണെന്നതിനെപ്പറ്റിയും ഫ്രെഞ്ച് ശാസ്ത്രജ്ഞനായ ഗിൽ ഏറിക് സെരാലിനി ഒരഭിമുഖ സംഭാഷണത്തിൽ വിശദീകരിക്കുന്നു.

ചോ: ഇന്ത്യാ ഗവർമ്മേണ്ടിന്റെ അംഗീകാരത്തിന്നായി മാഹികോ സമർപ്പിച്ച വിവരങ്ങളെപ്പറ്റി എന്തു പറയുന്നു.

ഉത്തരം: കേന്ദ്ര പരിസ്ഥിതി കാര്യാലയത്തിന്റെ ജനിതകമാറ്റ കമ്മിറ്റിക്ക് മാഹികോ സമർപ്പിച്ച വിവരങ്ങൾ അസാധുവാണ്. പരീക്ഷണങ്ങൾ നടത്തിയ ശാസ്ത്രജ്ഞൻ പരീക്ഷണ ഫലത്തിൽ ഒപ്പിട്ടിട്ടില്ല. അതുമല്ല, ജനിതക മാറ്റം വരുത്തിയ വഴുതനങ്ങയുണ്ടാക്കുന്ന ഫലങ്ങളെക്കുറിച്ചുള്ള പഠനം വെറും മൂന്നു മാസമേ നടത്തിയിട്ടുള്ളൂ. മനുഷ്യന്റെ ഉപഭോഗത്തിന്നുള്ളതാണ് ഫലമെങ്കിൽ, ഒരെലിയുടെ ആയുഷ്ക്കാലമായ രണ്ടു കൊല്ലത്തേക്കെങ്കിലും പരീക്ഷണങ്ങൾ തുടർന്നു പോകണമെന്നാണ് വ്യവസ്ഥ.

ജനിതകമാറ്റം വരുത്തിയ വഴുതനങ്ങയുടെ പാർശ്വഫലങ്ങൾ മൂടിവയ്ക്കാൻ മാഹികോ ശ്രമിച്ചുവെന്നതാണ് കൂടുതൽ ഭയാനകം. പലതരം വഴുതനങ്ങകളുടെ വിവരങ്ങൾ അവർ കൂട്ടിക്കലർത്തിയിരിക്കുകയാണ്. അതിനാൽ ജനിതകമാറ്റം വരുത്തിയ വഴുതിനങ്ങയുടെ വിവരം സാധാരണ വഴുതനിങ്ങയുടെ വിവരവുമായി താരതമ്യപ്പെടുത്തി നോക്കാനാവില്ല, കേന്ദ്ര പരിസ്ഥിതി മന്ത്രി കാര്യാലയത്തിലെ ഉദ്യോഗസ്ഥർ ഇതൊന്നും സൂക്ഷിച്ചു പരിശോധച്ചില്ലെന്നതു കഷ്ടമാണ്. ആന്റി ബയോട്ടിക്കുകളെ ചെറുക്കാൻ ശക്തി നൽകുന്ന ഒരു പ്രോട്ടീൻ ജനിതക മാറ്റം വരുത്തിയ വഴുതനങ്ങയിലുണ്ടെന്ന വസ്തുതയുടെ നേരെ കേന്ദ്രഗവർമ്മേണ്ട് കണ്ണടച്ചിരിക്കുകയാണ്. ജനിതകമാറ്റം വരുത്തിയ വഴുതനങ്ങ ഹോർമോണിനെ എങ്ങനെ ബാധിക്കുമെന്ന് മാഹികോ പഠിച്ചിട്ടില്ല. ജനിതകമാറ്റം വരുത്തിയ വഴുതനങ്ങയിൽ കാണുന്ന വിഷാംശം പ്രത്യുല്പാദനപരമായ പ്രശ്നങ്ങൾ ഉണ്ടാക്കിയേക്കും.

ചോ: ജൈവകീടനാശിനിയെ സഹിക്കുന്ന റൗണ്ടപ്പ് റെഡി സോയാബീൻ സംബന്ധിച്ച് താങ്കൾ നടത്തിയ പഠനത്തിന്റെ ഫലമെന്താണ്?

ഉത്തരം: റൗണ്ടപ്പ് ഒരു സ്വാഭാവിക കീടനാശിനിയാണ്. അതിന്റെ തൻമാത്ര പോലും ലിംഗനിർണ്ണയത്തിനുള്ള ഹോർമോണിനെ നശിപ്പിക്കും. ഇതു സംബന്ധിച്ച ഞങ്ങളുടെ പഠനഫലം കഴിഞ്ഞജൂലായിലെ "ടോക്സിക്കോളജി" മാസികയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. റൗണ്ടപ്പ് റെഡി സോയാബീൻ ഉപയോഗിച്ച സ്ത്രീകളിൽ ചിലർക്ക് ഗർഭസംബന്ധമായ അസുഖങ്ങളുണ്ടായി.

ചോദ്യം: ജനിതകമാറ്റം വരുത്തിയ ചെടികൾക്ക് രാസകീടനാശിനിയുടെ ആവശ്യം നന്നേ കുറയുമെന്നുപറയുന്നുണ്ടല്ലോ?

ഉത്തരം: ഇതൊരു നുണ പ്രചരണമാണ്. ജനിതകമാറ്റം വരുത്തിയ ചെടികൾതന്നെ കീടങ്ങളെ അകറ്റാനുള്ള വിഷം ഉല്പാദിപ്പിക്കുന്നു. ജനിതകമാറ്റം വരുത്തിയ വഴുതനങ്ങയിലാകട്ടെ ഇതു വളരെയധികമാണ്. ഒരു കിലോ വഴുതനങ്ങയിൽ 16-17 മില്ലിഗ്രാം വിഷമുണ്ട്. ഇത് മൃഗങ്ങളേയും ബാധിക്കുന്നു. മനുഷ്യരെ ഇതെങ്ങനെ എത്രത്തോളം ബാധിക്കുമെന്നതിനെപ്പറ്റി നിർഭാഗ്യവശാൽ പഠനമൊന്നും നടന്നിട്ടില്ല. ജനിതകമാറ്റം വരുത്തിയ ചെടികളിൽ 63% വും റൗണ്ടപ്പ് റെഡി സോയാബീനാണ്. അമേരിക്കൻ ഭക്ഷ്യ- ഔഷധ വകുപ്പ് കന്നുകാലി തീറ്റയിൽ 400 PPM വരെ റൗണ്ടപ്പ് അവശിഷ്ടമാകാമെന്ന് വിധിച്ചിട്ടുണ്ട്. ഇത് ഞങ്ങൾ നിർദ്ദേശിച്ചതിനേക്കാൾ എത്രയോ അധികമാണ്. അമേരിക്കൻ ഭക്ഷ്യ-ഔഷധ വകുപ്പ് ഇത് പുന:പരിശോധനക്ക് വിധേയമാക്കുമെന്നാണ് "സയന്റിഫിക് അമേരിക്കൻ" റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

ചോദ്യം: റൗണ്ടപ്പ് സോയാബീൻ പോലെ സ്വാഭാവിക കീടനാശിനികളെ പൊറുക്കുന്ന മറ്റു വിളകൾ ആരോഗ്യത്തെ എങ്ങനെ ബാധിക്കും?

ഉത്തരം: ജനിതകമാറ്റം വരുത്തിയ ചെടികളിൽ ഉല്പാദിപ്പിക്കപ്പെടുന്ന വിഷങ്ങൾ അർബുദത്തിന്നു കാരണമാകാം. ഹോർമോൺ സംബന്ധമായതും പ്രത്യുൽപ്പാദന സമ്പന്ധമായതുമായ പ്രശ്നങ്ങളുണ്ടാകാം. നാഡീവ്യൂഹത്തിൽ തകരാറു സംഭവിക്കാം. ഇത്തരം മാറാവ്യാധികൾ ലോകത്തിന്റെ നാനാഭാഗങ്ങളിലും അവിശ്വസനീയമായത്ര വേഗത്തിലാണ് പെരുകുന്നത്. ഞങ്ങളുടെ അറിവിൽ പെട്ടിടത്തോളം ഇതൊന്നും ബാക്ടീരിയ മൂലമോ വൈറസ് മൂലമോ ഉണ്ടാകുന്നതല്ല. ഒരു പക്ഷെ, ഭക്ഷ്യവസ്തുക്കളിൽ അടങ്ങിയിരിക്കുന്ന രാസ പദാർത്ഥങ്ങൾ മൂലമാവാം. അതിനാൽ കൃത്രിമ രാസവസ്തുക്കൾ നിറഞ്ഞ ഭക്ഷണം നമുക്കിനി ആവശ്യമില്ലതന്നെ.

(ഡൗൺ ടു എർത്ത്) ❑

---

ആശ്രമത്തിലെത്തുകയും ഒരു മണിക്കൂറിന്നകം എല്ലാവരും സ്ഥലം വിടണമെന്ന് കല്പിക്കുകയും ചെയ്തു. പരിഭ്രാന്തരായ ആശ്രമവാസികൾ കെട്ടുകെട്ടുന്നതിന്നിടയിൽ ബുൾഡോസർ മുന്നേറി എല്ലാം തറനിരപ്പിലാക്കി. ആശ്രമത്തിൽ സന്ദർശനത്തിന്നെത്തിയിരുന്ന ബാംഗളൂരിലെ ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് സയൻസിലെ ഒരു വിദ്യാർത്ഥി പ്രതിഷേധിച്ചപ്പോൾ, അയാളെ നക്ഷലാണെന്നു പറഞ്ഞ് പിടികൂടി "കുറ്റസമ്മതം" നടത്തിച്ചു. ഇത് പുതുമയല്ല. ഇതിന്നുമുമ്പ് ദൽഹി യൂനിവേഴ്സിറ്റി പ്രൊഫസറായ നന്ദിനി സുന്ദർ, പ്രസിദ്ധ ചരിത്രകാരനായ രാമചന്ദ്രഗുഹ, സാമൂഹ്യപ്രവർത്തകയായ മേധപട്കർ, മാഗ്സേസെ അവാർഡ് ജേതാവായ സന്ദീപ് പാണ്ഡെ, മനുഷ്യാവകാശ അഭിഭാഷകനായ ആൽബൻ ടോപ്പോ തുടങ്ങി ഒട്ടേറെ പേർക്ക് ഇത്തരം അനുഭവങ്ങളുണ്ടായിട്ടുണ്ട്.

ഇന്ന് ഇന്ത്യൻ ഭരണകൂടം മാവോയിസ്റ്റുകൾക്കെതിരെ ഒരു യുദ്ധം നടത്തിവരികയാണ്. അത് പരാജയപ്പെടുകയാണെങ്കിലും അവർ ജനങ്ങൾക്കെതിരെ നടത്തിവരുന്ന യുദ്ധം വിജയിക്കുന്നതായിട്ടാണ് കാണുന്നത്. ആഭ്യന്തരകാര്യ മന്ത്രി ചിദംബരത്തിന്ന് ഇതിലൊന്നും അശേഷം പരിഭ്രമമില്ല. ശത്രുവിനോട് ഒരേസമയം പോരാടുകയും കൂടിയാലോചിക്കുകയും സാധ്യമല്ല എന്നതാണ് അദ്ദേഹം ഉരുവിടുന്ന മന്ത്രം. ആയുധം വച്ച് കീഴടങ്ങാത്ത മാവോയിസ്റ്റുകളെ ചതച്ചു ചമ്മന്തിയാക്കി വിടുമെന്ന് അദ്ദേഹം പറയുന്നു. ഇടതുപക്ഷക്കാരായ ബുദ്ധിജീവികളേയും മനുഷ്യാവകാശ പ്രവർത്തകരേയുമെല്ലാം അദ്ദേഹത്തിന്ന് പുച്ഛമാണ്.

(തെഹൽക്കയിൽനിന്ന്) ❑

# വ്യത്യസ്തനായൊരു ഗാന്ധിയൻ

- നസീർ എ. മജീദ് -



അൻസാരി

**പ്രൊ**ഫ. ഇഖ്ബാൽ അഹമ്മദ് അൻസാരി (74) ഒക്ടോബർ 13ന്ന് നിര്യാതനായി. ഒരു ഗവേഷകനും തിയറിറ്റീഷ്യനുമായിരുന്ന അദ്ദേഹം മനുഷ്യാവകാശ പ്രസ്ഥാനത്തിൽ സജീവമായി പങ്കെടുത്തുവരികയായിരുന്നു. ന്യൂനപക്ഷാവകാശ ധ്വംസനങ്ങളെക്കുറിച്ച് അദ്ദേഹം ഗാന്ധിജയന്തി ദിനത്തിൽ ചർച്ചകൾ നടത്തി. പൗരാവകാശ പ്രവർത്തകരുടെ ഒരു സമ്മേളനത്തിലും അദ്ദേഹം അന്ന് പങ്കെടുത്തിരുന്നു. മനുഷ്യാവകാശ രംഗത്ത് അദ്ദേഹം നടത്തുന്ന പ്രവർത്തനങ്ങളെ മുൻനിർത്തി ജവാഹർലാൽ നെഹ്റു യൂനിവേഴ്സിറ്റി അദ്ദേഹത്തെ 2007 ഡിസംബറിൽ ആദരിച്ചിരുന്നു.

അൻസാരി അസാധാരണനായ ഒരു മുസ്ലീം ബുദ്ധിജീവിയായിരുന്നു. യുക്തിപൂർവ്വമേ അദ്ദേഹം സംസാരിക്കാറുള്ളു. മുസ്ലീമുകളല്ലാത്ത നിയമജ്ഞർക്കും മതേതര ബുദ്ധിജീവികൾക്കും മനുഷ്യാവകാശ പ്രവർത്തകർക്കുമെന്നല്ല ജീഹാദിസ്റ്റുകൾക്കു പോലും മനസ്സിലാകുന്ന ഒരു ഭാഷയിലാണ് അദ്ദേഹം സംസാരിക്കാറുള്ളത്. തികഞ്ഞ ആത്മവിശ്വാസമുള്ള ഒരു മുസ്ലീം പണ്ഡിതൻ കൂടിയായിരുന്നു അദ്ദേഹം.

"ഇസ്ലാമിക് ഭീകരപ്രവർത്തന"ത്തെപ്പറ്റി പത്രങ്ങളുണ്ടാക്കുന്ന ബഹളത്തിൽ അസാധാരണമായൊന്നുമില്ലെന്ന് അൻസാരി പറയുന്നു. മർദ്ദന ഭരണത്തിന്നെതിരായി ലോകത്തിന്റെ നാനാ ഭാഗങ്ങളിലും ഹിംസാത്മകമായ പോരാട്ടം നടന്നുവരുന്നുണ്ട്. എന്നാൽ അവരിലാരും മതത്തിന്റെ പേരിൽ പോരിന്നിറങ്ങിയിട്ടില്ല. മുസ്ലീമുകൾ അക്രമങ്ങൾ കണ്ടില്ലെന്നു നടിക്കുന്നു; പത്രങ്ങളെ കുറ്റം പറയുന്നു. ഇതവസാനിപ്പിക്കണം. വസ്തുനിഷ്ഠമായി കാര്യങ്ങൾ വിലയിരുത്താൻ പഠിക്കണം. കാശ്മീരിലും പാകിസ്താനിലും ഈയടുത്ത കാലത്തായി ബംഗ്ലാദേശിലും സായുധ ഇസ്ലാമിക് ജിഹാദിന്റെ പേരിൽ അക്രമങ്ങൾ നടത്തുന്നുണ്ട്. തങ്ങൾ അടിച്ചമർത്തപ്പെടുന്നതായി മുസ്ലീമുകൾക്ക് തോന്നുന്നുണ്ടെങ്കിൽ അവർ അതിനെതിരെ സമാധാനപരമായി പോരാടണം. ഗാന്ധിയും മറ്റു പഠിപ്പിച്ചിട്ടുള്ള മാർഗ്ഗങ്ങൾ അതിന്നവലംബിക്കണം.

ന്യായമായ ഹിംസയെപ്പറ്റി അൻസാരി സംസാരിക്കാറുണ്ട്. പക്ഷെ ഈ ശൈലി അദ്ദേഹം കഴിയുന്നത്ര ഒഴിവാക്കും. പകരം ന്യായമായ ബലപ്രയോഗം എന്നാണ് പറയാറുള്ളത്. സാധാരണ മുസ്ലീം പണ്ഡിതന്മാർ പറയുന്നതുപോലെ ആത്മീയമായ ജിഹാദെന്ന് വളച്ചുകെട്ടി പറയാനൊന്നും അൻസാരി ശ്രമിക്കാറില്ല. സായുധ ജിഹാദിനെപ്പറ്റിത്തന്നെ അദ്ദേഹം പറയും. ന്യായമായ ഒരു കാരണമുണ്ടെങ്കിൽ അതിന്നെതിരെ സായുധ ജിഹാദ് നടത്തുന്നത് നിയമവിധേയമാണെന്ന് അദ്ദേഹം പറയും. എന്തായാലും ശരി ബലപ്രയോഗം നടത്തരുതെന്നു പറയുന്ന ഗാന്ധിയന്മാരിൽപെട്ട ഒരാളല്ല അൻസാരി. തികഞ്ഞ അഹിംസക്കു വേണ്ടി വാദിക്കുന്ന സമാധാനവാദികൾക്ക് പറയുന്നതുപോലെ പ്രവർത്തിക്കാനാവില്ല. 1947ൽ കാശ്മീർ പ്രശ്നം വന്നപ്പോൾ ഗാന്ധിജിക്ക് അഹിംസയിൽ ഉറച്ചുനിൽക്കാനായില്ലെന്ന് അൻസാരി ചൂണ്ടിക്കാട്ടുന്നു.

അൻസാരി വ്യത്യസ്തനായ ഒരു ഗാന്ധിയനായിരുന്നു. ലോകത്തിൽ ശാശ്വത സമാധാനത്തിന്നുവേണ്ടിയായിരിക്കണം നമ്മുടെ യത്നം. അതേസമയം സായുധ ബലപ്രയോഗം വേണ്ടിവന്നാൽ മാനവികതാനയം പിൻതുടരണം. സ്ത്രീകൾ, കുട്ടികൾ, വൃദ്ധന്മാർ, വികലാംഗർ തുടങ്ങി പോരാട്ടത്തിൽ പങ്കില്ലാത്തവർക്ക് ഒരു ദ്രോഹവും വരില്ലെന്ന് ഉറപ്പാക്കണം. ഖുറാൻ അനുശാസിക്കുന്നത് അതാണ്. ഗാന്ധിയുടെ ഗീത അനുശാസിക്കുന്നതും അതാണ്. ഐക്യരാഷ്ട്ര സമിതിയുടെ ചാർട്ടറിൽ പറയുന്നതും ഇതുതന്നെയാണ്. യുദ്ധത്തിൽ അവലംബിക്കേണ്ട മാനവികതാനിയമം സംബന്ധിച്ച 1949ലെ ജനീവ കൺവെൻഷനിൽ അനുശാസിച്ചിരിക്കുന്നതും ഇതാണ്.

അൻസാരി പറയുന്ന മാനവികതാനിയമം സ്വീകരിക്കുന്നപക്ഷം മാവോയിസ്റ്റുകളുമായി പോലും ചർച്ച നടത്താൻ കഴിയും. ഇസ്ലാമിൽ മൂല്യങ്ങളുടെ ഗണത്തിൽ സമാധാനത്തിന്ന് വളരെ ഉയർന്ന സ്ഥാനമാണ് നൽകിയിട്ടുള്ളത്; അതുതന്നെയാണ് നീതിയുടെ സ്ഥിതിയും. ഇസ്ലാമിന്റെ പ്രത്യയശാസ്ത്രത്തിൽ ഒരു തരം സമരാത്മകത അന്തർലീനമാണ്– നീതിക്കുവേണ്ടിയുള്ള സമരം.

തികഞ്ഞ നീതിയോ തികഞ്ഞ സമാധാനമോ ഇല്ല. അതുപോലെ തികഞ്ഞ സമത്വമോ തികഞ്ഞ സ്വാതന്ത്ര്യമോ ഇല്ല. സഹനീയമായ അനീതിയും അസമാധാനവും അസ്വാതന്ത്ര്യവും അസമത്വവും സഹിക്കേണ്ടതുണ്ട്. ഇവിടെയാണ് സമുദായങ്ങൾ തമ്മിലും സമൂഹവും ഭരണകൂടവും തമ്മിലും രഞ്ജിപ്പ് പ്രസക്തമായിത്തീരുന്നത്. രാഷ്ട്രീയവും സാമ്പത്തികവുമായ അനീതികൾക്കെതിരായും സ്വയം നിർണ്ണയാവകാശത്തിന്നു വേണ്ടിയും പോരാടുമ്പോൾ, സമാധാനപരമായ സമരങ്ങൾക്കുള്ള ഫലപ്രദമായ തന്ത്രങ്ങൾ കണ്ടെത്താൻ ശ്രമിക്കണമെന്ന് അദ്ദേഹം മുസ്ലീമുകളോട് ആവശ്യപ്പെടുന്നു. ഇതൊക്കെ വിജയിക്കുമോ എന്ന ചോദ്യത്തിനുള്ള അദ്ദേഹത്തിന്റെ ഉത്തരം ഒരു മറു ചോദ്യമാണ്: ഭീകരപ്രവർത്തനം വിജയിച്ചിട്ടുണ്ടോ?

സർക്കാരിന്റെ ഒത്താശയോടെ മുസ്ലീമുകൾക്കെതിരെ പലതവണ അക്രമങ്ങൾ നടന്നിട്ടും ഇന്ത്യയിലെ മുസ്ലീമുകൾ അന്താരാഷ്ട്ര ഭീകരസംഘടനകളുമായൊന്നും ബന്ധപ്പെട്ടില്ലെന്നതിൽ സംതൃപ്തി പ്രകടിപ്പിച്ചു. ജ: ശ്രീകൃഷ്ണയും മറ്റും ചൂണ്ടിക്കാണിച്ചതുപോലെ നീതിക്കുവേണ്ടി ദാഹം മൂത്ത ഒറ്റപ്പെട്ട ചിലർ ഭീകരപ്രവർത്തനം നടത്തുന്നുണ്ടെന്നേയുള്ളൂ. ഭീകരപ്രവർത്തനം നടന്നതിന്നുശേഷം മുസ്ലീം നേതാക്കന്മാർ അതിനെ അപലപിക്കാറുണ്ട്. അത് അപര്യാപ്തമാണ്. ഇന്ത്യയുടെ ചുറ്റുപാടുമുള്ള രാജ്യങ്ങളിൽ മുസ്ലീം വിരുദ്ധ ഭീകരപ്രവർത്തനം വർധിച്ചു വരുന്നത് ഉത്കണ്ഠാവഹമാണെന്ന് അദ്ദേഹം പറഞ്ഞു.

ബംഗ്ലാദേശിൽ ശരിയത്തിന്നു പകരം മതേതര നിയമങ്ങൾ നടപ്പാക്കുന്ന അഭിഭാഷകരേയും ജഡ്ജിമാരേയും കടന്നാക്രമിക്കുന്നതാണ് ജിഹാദി പ്രവർത്തന

Reg. No.3551/93/L Dis Registered: KL/CR/TCR/347/2009-2011
Posted at R.M.S., Thrissur-21. Date of posting: 27-02-2010

**Statement about ownership and other particulars about newspaper**
**Niyamasamskarakendrathinte JANANEETHI**
**Form-4 (See Rule 8)**

| | | | |
|---|---|---|---|
| 1. | Place of Publication | : | Thrissur |
| 2. | Periodicity of the Publication | : | Monthly |
| 3. | Language | : | Malayalam |
| 4. | Printer's Name | : | Seby J. Pullely |
| | Nationality | : | Indian |
| | Address | : | Pullely House, Muringoor P.O. Thrissur - 680316. |
| 5. | Publisher's Name | : | Seby J. Pullely |
| | Nationality | : | Indian |
| | Address | : | Pullely House, Muringoor P.O. Thrissur - 680316. |
| 6. | Editor | : | T.V. Achutha Warrier |
| | Nationality | : | Indian |
| | Address | : | Gangothri, Thaikkattussery Ollur, Thrissur-680322. |
| 7. | Name & Address of the individual who owns the News paper | : | Seby J. Pullely Pullely House Muringoor P.O. Thrissur - 680316. |

I, Seby J. Pullely, hereby declare that the particulars given above are true to the best of my knowledge and belief.

(Sd/-)
Date: 27-2-2010 Publisher

ങ്ങളിലെ പുതിയമുഖം. ഇന്ത്യയിലെ മുസ്ലീം നേതാക്കന്മാർ കാശ്മീരിലേയും പാക്കിസ്താനിലേയും ബംഗ്ലാദേശിലേയും മുസ്ലീം നേതാക്കളുമായി ഇസ്ലാമിലെ ബലപ്രയോഗത്തിന്റെ നിയമസാധുതയെപ്പറ്റി ചർച്ചചെയ്യണമെന്ന് അൻസാരി നിർദ്ദേശിച്ചു.

വിവിധ സമുദായങ്ങൾക്കിടയിൽ സമാധാനം പുലർത്തുന്നതിന്നുള്ള യത്നങ്ങൾക്കായി അൻസാരി 2007 ഫെബ്രുവരിയിൽ ദൽഹിയിലെ ഗാന്ധി പീസ് ഫൗണ്ടേഷനിൽ ചേർന്ന യോഗത്തിൽവച്ച് ശാന്തി പഹൽ എന്നൊരു പ്രസ്ഥാനം ആരംഭിച്ചിരുന്നു. ❏

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.